# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 05 AUGUST 2025 | ക്രിസ്തീയ കുടുംബ മാസിക



"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു."
(സങ്കീർത്തനങ്ങൾ 27:1)

# EDITORIAL

## കാന്തൻ വരാറായി

യിസ്രായേൽ-ഇറാൻ യുദ്ധം അമേരിക്കൻ പ്രസിഡന്റിന്റെ മദ്ധ്യസ്ഥതയിൽ വെടിനിർത്തൽ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതിന് മുമ്പായി യിസ്രായേൽ ഇറാന് ഒരു ഉയിർത്തെഴുന്നേൽപ്പ് സമീപകാലത്ത് അസാദ്ധ്യമാകുന്ന രീതിയിൽ അവരുടെ എണ്ണപ്പെട്ട സൈനികമേധാവികളെയും ആണവശാസ്ത്രജ്ഞരെയും യുദ്ധോപകരണങ്ങളും ഇല്ലായ്മചെയ്തു. ആണവായുധ നിർമ്മാണത്തിനുള്ള യുറേനിയം സംപുഷ്ടീകരണം അറുപത് ശതമാനം വരെ എത്തിയിരുന്നതായി പറയപ്പെടുന്നു. അത് തൊണ്ണൂറ് ശതമാനത്തിൽ എത്തിയാൽ ഇറാന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുമായിരുന്നു. അതായിരുന്നു. അമേരിക്കയുടെയും യിസ്രായേലിന്റെയും ഏറ്റവും വലിയ പേടി. അതിന് തടയിടാൻ യിസ്രായേൽ ചാരസംഘടനയായ മൊസാദിന്റെ ചാരമാരും ഇറാനിലെ വിലെക്ക്വാങ്ങപ്പെട്ട വിമതരും വർഷങ്ങളായി പദ്ധതി ആസൂത്രണംചെയ്ത് പ്രവർത്തിച്ചാണ് സൈനിക മേധാവികളെയും ആണവശാസ്ത്രജ്ഞരെയും വകവരുത്തിയത്. ഇറാനെ തകർക്കുക എന്നത് യിസ്രായേലിനെക്കാൾ അമേരിക്കയുടെ ആവശ്യമായിരുന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന വെടിനിർത്തൽ 'കൊടുങ്കാറ്റിനു മുമ്പുള്ള ശാന്തത'യായി മാത്രമേ കരുതാനാവൂ. ഇപ്രകാരം യുദ്ധവും അതിന്റെ ധ്വനിയും ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഉയർന്നുകൊണ്ടിരിക്കുന്നു. മുമ്പെങ്ങും ഇല്ലാതിരുന്നതുപോലെ യൂറോപ്യൻ രാജ്യങ്ങളിലെ കഠിനമായ ചൂടും ഇന്ത്യയിലും സമീപരാജ്യങ്ങളിൽ ആകമാനം കാണുന്ന പേമാരിയും വെള്ളപ്പൊക്കവും മറ്റ് പ്രകൃതി ദുരന്തങ്ങളും കാണുമ്പോൾ കർത്താവായ യേശുക്രിസ്തു തന്റെ കാന്തയായ മണവാട്ടിസഭയെ ചേർക്കാൻ മദ്ധ്യാകാശത്തിൽ വെളിപ്പെടാൻ കാലമായി എന്ന് മനസ്സിലാക്കി തന്നെത്താൻ ഒരുക്കി. വിശുദ്ധിയോടെ വിശ്വാസത്തോടെ പ്രാർത്ഥനയോടെ കാത്തിരിക്കേണ്ട സമയമായി എന്ന് ഉറെക്കണം. ക്രിസ്തുവിൽ വീണ്ടും ജനിച്ച്, ക്രിസ്തുവിൽ ജീവിച്ച് ക്രിസ്തുവിൽ മരിച്ചാൽ മാത്രമെ അവൻ മദ്ധ്യാകാശത്തിൽ വെളിപ്പെടുമ്പോൾ കാഹളനാദം കേൾക്കുവാനും എടുക്കപ്പെടുവാനും സാധിക്കുകയുള്ളു. 1 തെസ്സലോനീക്യർ 4:16,17 പറയുന്നു "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും." നാം എടുക്കപ്പെടുന്നതിനു മുമ്പ് പരമാവധി പേരെ ഇതിനായി ഒരുക്കുവാൻ ഭാരത സുവിശേഷീകരണം എന്ന ഇ.ജി.എം. ഓഫ് ഇന്ത്യയുടെ യജ്ഞത്തിൽ നമുക്ക് കൈകോർക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

●●●



രാജൻ എം.തോമസ്

CONTENTS

03 അവനും അവളും ആരാണ്?
ഡോ. വി. പി. മത്തായി വാലയിൽ

05 വാർദ്ധക്യത്തിന്റെ അളവുകോൽ പ്രായമല്ല
ഡോ. ജോർജ്ജ് സാമുവൽ

07 സ്നേഹിക്കുവാൻ പ്രയാസമുള്ളവരെ സ്നേഹിക്കുക
ഡോ. നെൽസൻ മാത്യു വാലയിൽ

09 സിംഹത്തിനു പറ്റിയ അമളി
ടീച്ചർ

11 ദൈവഹിതം എങ്ങനെ തിരിച്ചറിയാം? എന്തിന് തിരിച്ചറിയണം?
പ്രൊഫ. ജോൺ സക്കറിയ

13 പോണോഗ്രഫി – പുതിയ മയക്കുമരുന്ന്
റവ. ബേസിൽ ജോർജ്

15 എലീശബെത്ത് – പുരോഹിതന്റെ ഭാര്യ
ലീലാമ്മ ഉമ്മൻ

25 വിശ്വാസിയുടെ നടത്തം
സി. ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം

GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556
egmofindia@gmail.com
8281616654

For Donation to Gospel Messenger

EDITORIAL BOARD

PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



ഡയറക്ടറുടെ കത്ത്



ഡോ. വി. പി. മത്തായി വാലയിൽ

# അവനും അവളും ആരാണ്?

## (WHO IS HE AND SHE ?)

**ഈ ചോദ്യം കർത്താവും സഭയും തമ്മിലുള്ള ബന്ധത്തിലാകുമ്പോഴോ തികച്ചും അന്വർത്ഥമാണ്. ഉല്പത്തിപുസ്തകം മുതൽ വെളിപ്പാട്പുസ്തകം വരെ നീണ്ടുനിവർന്നുകിടക്കുന്ന വിഷയമാണല്ലോ കർത്താവും തന്റെ കാന്തയാകുന്ന മണവാട്ടിയും**

വിവിധ ദിശകളിലേക്ക് വിരൽചൂണ്ടാവുന്ന ഒരു ചോദ്യമാണ് ഇതെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ ഈ ചോദ്യം കർത്താവും സഭയും തമ്മിലുള്ള ബന്ധത്തിലാകുമ്പോഴോ തികച്ചും അന്വർത്ഥമാണ്. ഉല്പത്തിപുസ്തകം മുതൽ വെളിപ്പാട്പുസ്തകം വരെ നീണ്ടുനിവർന്നുകിടക്കുന്ന വിഷയമാണല്ലോ കർത്താവും തന്റെ കാന്തയാകുന്ന മണവാട്ടിയും. കാലഘട്ടങ്ങൾക്കനുസരിച്ച് വിവിധ സാദൃശ്യങ്ങളിലൂടെ ഒളിഞ്ഞും തെളിഞ്ഞും കർത്താവും തന്റെ സഭയും വെളിപ്പെട്ടുവരുന്നു. ദൈവവചനത്തെ സമഗ്രമായി പഠിക്കുന്ന വചനപഠിതാവിന് ഇത് വ്യക്തമായി കാണുവാൻ കഴിയുന്നതാണ്. ദൈവവചനത്തിലെ എല്ലാ പുസ്തകങ്ങളിലും നമുക്ക് ഈ ബന്ധത്തെ കാണ്മാൻ കഴിയും. എന്നാൽ ഇതു സംബന്ധിച്ച് പ്രവാചകന്മാർ പോലും അത് എന്ന്, എപ്പോൾ ആർക്കുവേണ്ടി എന്ന് ആരാഞ്ഞുനോക്കിയെങ്കിലും ദൈവാത്മാവ് അത് തങ്ങൾക്കായിട്ടല്ല പിൻവരുന്നവർക്കുവേണ്ടിയാണ് എന്ന് വെളിവാക്കിക്കൊടുത്തു. "നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവു ക്രിസ്തുവിന്നു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞുനോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ. തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്നു അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽനിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു." (1 പത്രൊ. 1:10,11,12) ഈ വെളിപ്പാടുകളിൽനിന്നും രണ്ടു സംഭവങ്ങൾ ചിന്തിക്കുമ്പോൾ ആരാണ് അവൻ ആരാണ് അവൾ എന്നു മനസ്സിലാകും.

ഉല്പത്തി 24:65 "വെളിമ്പ്രദേശത്ത് നമ്മെ എതിരേറ്റുവരുന്ന പുരുഷൻ ആർ? എന്ന് റിബെക്ക എലെയാസറിനോട് ചോദിക്കുന്ന ചോദ്യമാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. നമ്മെ എതിരേറ്റുവരുന്ന ആ പുരുഷൻ ആരാണ്? ഉത്തരം ഉടനെ വന്നു യജമാനനാണ്. മരുഭൂമിയിൽ ലക്ഷ്യംകാണാതെ അലയുന്നവരെ കാണാൻ കർത്താവു വരുവാൻ ഒരുങ്ങിയിരിക്കുന്നു.

മരുഭൂമി എന്നത് നിരാശയുടെയും സങ്കടത്തിന്റെയും അനുഭവമാണല്ലോ; ആവർത്തനം 8:2 "നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ

ഇരിക്കുന്നതു അറിവാനുമായി നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം." യിസ്രായേൽജനത്തിന്റെ മനസ്സിലിരുപ്പ് പുറത്തുവരുത്തുവാൻ അവരെ മരുഭൂമിയിലൂടെ നടത്തി എന്ന് നാം കാണുന്നു. എന്നാൽ നമ്മുടെ നിരാശയിലേക്കും സങ്കടങ്ങളിലേക്കും ഇറങ്ങിവരുന്ന കർത്താവ്, നമ്മെ അന്വേഷിച്ചുവരുന്ന കർത്താവ് നമ്മുടെ സ്വന്തമാണെന്ന് ഓർക്കുമ്പോൾ എത്രയോ ആനന്ദമാണ്.

മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ബേർലഹയീരോയീ (മദ്ധ്യാകാശം) മരുഭൂമിയിൽ റിബെക്കയെ (സഭയെ) എതിരേല്പാൻ പിതൃഭവനം വീട്ട് ഇറങ്ങിവന്ന യിസ്ഹാക്ക് (കർത്താവ്) പ്രതിശ്രുത കാന്തയെ കണ്ടുമുട്ടുന്നു. ഉടനെ റിബെക്ക എലെയാസരോട് ചോദിച്ചു ആരാണ് ആ വരുന്നത്? ഇന്ന് സഭക്കും ചോദിക്കുവാനുള്ളത് നമ്മെ എതിരേൽക്കാൻ വരുന്ന കർത്താവ് എന്ന് വരും എന്നതാണ്. നാം അവന്നായി കാത്തിരിക്കുകയാണല്ലോ. സ്വന്തം കണ്ണുകൊണ്ട് കർത്താവിനെ കാണാനുള്ള വാഞ്ഛ നമ്മുടെ ഉള്ളിൽ വർദ്ധിച്ചുവരുന്നുണ്ടോ? ഇതാണ് നമ്മുടെ പ്രത്യാശ. ഈ ലോകത്തിന്റെ ചൂടേറ്റ് നിറം നഷ്ടപ്പെട്ടെങ്കിലും സൗന്ദര്യം നഷ്ടപ്പെടാത്തവളായി പ്രിയൻ പ്രിയയെ കാണുകയാണ്. ചുരുങ്ങിയകാലം ഇടയച്ചെറുക്കനിൽ നിന്നും അകന്നുപോയ പ്രിയ സ്വന്തം തട്ടകത്തിൽ വന്നുകാണാൻ പ്രിയന് ഏറെ വാഞ്ഛയുണ്ട്. നമ്മെ മഹത്വശരീരത്തോടെ – സ്വർഗ്ഗീയ ശരീരത്തോടെ നിത്യതയുടെ തുറമുഖത്ത് – കാണാൻ ആഗ്രഹിക്കുമ്പോൾ സ്വർഗ്ഗീയ സൈന്യങ്ങൾ പ്രാണപ്രിയനായ കർത്താവിന്റെ മാർവ്വിൽചാരി വരുന്ന സഭയെ കണ്ടുകൊണ്ട് ചോദിക്കുകയാണ് മരുഭൂമിയിൽ തന്റെ പ്രിയന്റെമേൽ ചാരി വരുന്നോരിവൾ ആർ? ഉത്തമഗീതത്തിലെ രണ്ട് ഭാഗം ഇടയച്ചെറുക്കന്റെയും ഇടയപ്പെൺകുട്ടിയുടെതുമാണ്. അവർ ഹൃദയപൂർവ്വം യെരുശലേംപുത്രിമാരോട് പറയും "എന്റെ പ്രിയൻ എനിക്കുള്ളവൻ എന്റെ പ്രിയ എനിക്കുള്ളവൾ" ഇതാണ് നാമും കർത്താവുമായുള്ള ബന്ധം. ഇത് പിരിയാബന്ധമാണ്. ഈ ലോകത്തിന്റെ പ്രഭുവും അന്തിക്രിസ്തുവുമായവന്റെ മണവാട്ടിയും ഈ ലോകത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. സഭാമക്കളെ അഥവാ ദൈവമക്കളെ ക്രിസ്തുവിൽനിന്നും വേർപിരിക്കുക എന്നതാണ്. ഒരു പരിധിവരെ സാത്താൻ അതിൽ വിജയിക്കുന്നു എന്നതാണ് സത്യം. വെളിപ്പാടുപുസ്തകത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മഹാകഷ്ടത്തിൽനിന്നും കയറി വരുന്നോരിവൾ. മരുഭൂമിയിൽ നമ്മെ എതിരേറ്റുവരുന്നോരിവനാര്. നിന്റെ യജമാനൻ തന്നേ. കൂടെയുള്ളവരെല്ലാം ഒട്ടകപ്പുറത്തുനിന്നും ഇറങ്ങി തന്റെ യജമാനനെ വരവേൽക്കാൻ ഒരുങ്ങിയിരിക്കുന്നു.


ഉത്തമഗീതം 8:5 "മരുഭൂമിയിൽനിന്ന് തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ട് വരുന്നോരിവൾ ആർ? നാരകത്തിൻ ചുവട്ടിൽ അമ്മ പ്രസവിച്ചു കഴിഞ്ഞ് ഉപേക്ഷിച്ചുപോയ ഒരു മകളാണിവൾ – ഉത്തമഗീതത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ഇവിടെ നമ്മൾ ശ്രദ്ധിച്ചിരിക്കുമല്ലോ. "പ്രിയന്റെ മേൽ ചാരിക്കൊണ്ട് വരുന്നോരിവൾ" ഇതാണ് സഭ. കർത്താവിന്റെ കന്യകയായ, മണവാട്ടിയായ, കാന്തയാകാനുള്ളവൾ തന്നേ. **ലോകമരുഭൂമിയിൽ ചാരുവാനുള്ള ഏക ഇടം നമ്മുടെ കർത്താവിന്റെ ചുമൽ മാത്രമാണല്ലോ ദൈവമക്കളേ. രോഗങ്ങളും ദുഃഖങ്ങളും പ്രയാസങ്ങളും സങ്കടങ്ങളും നമ്മെ പിൻതുടരുമ്പോൾ നമുക്ക് ചാരാൻ ഒരു കർത്താവ് ഉണ്ടല്ലോ. ശൂലേംകാരത്തിക്ക് ചാരാൻ അവൾ സ്നേഹിക്കുന്ന, അവളെ സ്നേഹിക്കുന്ന ഇടയച്ചെറുക്കനായ ഒരു പ്രാണപ്രിയൻ ഉണ്ടായിരുന്നു. ഈ പ്രിയൻ പതിനായിരംപേരിലും ശ്രേഷ്ഠനായവനും വെണ്മയും ചുവപ്പും ഉള്ളവനാണ്. നമുക്കുവേണ്ടി മുറിവേറ്റവനും പവിത്രനുമാണ് നമ്മുടെ പ്രിയനും. അവൻ വാനവിരവൽ വരും കാലം നമ്മൾ പുനരുത്ഥാനം പ്രാപിക്കുകയും ചെയ്യും. ഇതാണ് ആൾ?** ഉത്തമഗീതത്തിലെ പ്രയോഗത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മരുഭൂമിയിൽ തന്റെ പ്രിയന്റെ മേൽ ചാരി വരുന്നോരിവൾ. ആര്? തന്റെ കാന്തയായ തിരുസഭയെ കർത്താവിനോടുള്ള സ്നേഹത്തിൽനിന്നും പിൻതിരിപ്പിച്ച് ഈ ലോകത്തിന്റെ പ്രഭുവിങ്കലേക്ക് തിരിക്കണം എന്ന ഒറ്റലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശത്രുവായ സാത്താനെ പരാജയപ്പെടുത്തി ക്രിസ്തുവിൻ സ്നേഹത്തിൽ ദൃഢപ്പെടാൻ പ്രാർത്ഥനയിൽ നാം മുന്നേറേണ്ടിയിരിക്കുന്നു. എപ്പോഴും പ്രാർത്ഥിക്കുന്നതിലും സ്തോത്രം ചെയ്യുന്നതിലും ശ്രദ്ധാലുവായിരിക്കണം.

മരുഭൂമിയിൽ നമുക്ക് ചാരാൻ ഒരു പ്രിയനുണ്ട്. സങ്കടങ്ങളിൽ അഭയപ്പെടാൻ നമുക്ക് ഒരു നാഥനുണ്ട്. വേദനകളിൽ ആശ്വസിപ്പിപ്പാൻ നമുക്ക് ഒരു കർത്തനുണ്ട്. ഏകാന്തതകളിൽ സാന്നിദ്ധ്യം തരാൻ നമുക്ക് ഒരു യജമാനനുണ്ട്. ആയതിനാൽ ആരാണ് ഇവൻ – അത് എന്റെ പ്രിയനാണ് ആരാണിവൾ അത് എന്റെ പ്രിയയാണ്. എന്ന് കർത്താവുമായി തമ്മിൽ തമ്മിൽ പറയാം. ദൈവം അനുഗ്രഹിക്കട്ടെ.

●●●



ജീവിത സായാഹ്നം



ഡോ. ജോർജ്ജ് സാമുവൽ

# വാർദ്ധക്യത്തിന്റെ അളവുകോൽ പ്രായമല്ല

പ്രായത്തെ അതിജീവിച്ചുകൊണ്ട് നാം ആത്മവിശ്വാസത്തോടും പ്രത്യാശയോടും വാർദ്ധക്യത്തിലും കർമ്മോത്സുകരാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവവുമായുള്ള ബന്ധത്തിൽ വാർദ്ധക്യകാലം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം തീത്തോസ് 2:2,3-ൽ നാം വായിക്കുന്നു. ഓരോരോ കാരണം ഉന്നയിച്ച് വാർദ്ധക്യത്തിൽ മടിപിടിച്ച് വീട്ടിലിരിക്കാതെ കർമ്മോത്സുകരാകണം. വൈദ്യശാസ്ത്രം ഇന്ന് മുതിർന്ന പൗരന്മാരുടെ ജീവിതത്തെ ആരോഗ്യമുള്ള വാർദ്ധക്യമാക്കി മാറ്റിയിരിക്കുന്നു. വിശ്രമം ആവശ്യമാണെങ്കിലും ഏതെങ്കിലും തലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഉത്തമമെന്ന് നമുക്കറിയാവുന്നതാണല്ലോ. വിജ്ഞാനത്തിന്റെയും അനുഭവസമ്പത്തിന്റെയും സ്രോതസ്സാണ് മുതിർന്ന പൗരന്മാർ. ഉത്തരവാദിത്തങ്ങൾ വരുംതലമുറയെ വിശ്വസിച്ചേല്പിക്കുന്നതിനോടൊപ്പം അവർക്കു താങ്ങും തണലുമായി നാമുണ്ടെന്നുള്ള ബോദ്ധ്യവും നല്കേണ്ടിയിരിക്കുന്നു. അതിനനുയോജ്യമായി നമ്മുടെ മനോഭാവവും പ്രവൃത്തിയും രൂപപ്പെടുത്തുക.

**വൃദ്ധജനങ്ങളെ മനസ്സിലാക്കി കരുതുക**

മക്കൾക്കും കൊച്ചുമക്കൾക്കും ഉപദേശങ്ങൾ നല്കി നല്ല മൂല്യങ്ങൾ തലമുറകളിലേക്ക് പകർന്നുകൊടുക്കുന്നതിലൂടെ (ആവർത്തനപുസ്തകം 4:19) തലമുറകൾ തമ്മിലുള്ള വിടവ് ഇല്ലാതാകുന്നു. കൂട്ടുകുടുംബ വ്യവസ്ഥിതി നശിച്ചുകൊണ്ടിരിക്കുന്നതിലൂടെ കുടുംബത്തിലും സമൂഹത്തിലും വൃദ്ധജനങ്ങൾ അവഗണനയും തിരസ്കരണവും അനുഭവിക്കുന്നുണ്ട്. അണുകുടുംബങ്ങളുടെ ആവിർഭാവത്തോടുകൂടി സ്വാർത്ഥതയെ ഊട്ടിവളർത്തുന്ന ഒരു സംസ്കാരം നമ്മുടെ ഇടയിൽ പ്രാബല്യത്തിലായിരിക്കുന്നു. മുൻകാലങ്ങളിൽ ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടിയാണു ജീവിച്ചതെങ്കിൽ ഇന്ന് ഓരോ വ്യക്തിയും അവനവന്റെ താത്പര്യത്തിനും നിലനില്പിനും വേണ്ടി നിലകൊള്ളുന്നു. പ്രസ്തുത മാറ്റം വൃദ്ധരെ ഏകാന്തതയിലേക്കു നയിക്കുന്നു. ഇവിടെ ഏകാന്തതയിൽ ദൈവം അകലെയല്ല എന്ന ബോദ്ധ്യം വൃദ്ധജനങ്ങൾക്കുണ്ടാകേണ്ടിയിരിക്കുന്നു. ഒരുപക്ഷേ ചിലരുടെ നിർബന്ധബുദ്ധിയും പിടിവാശിയും അവരെ മറ്റുള്ളവരിൽ നിന്ന് അകറ്റുവാൻ കാരണമായേക്കാം.

ഒരു കൂരയ്ക്കുകീഴിൽ വസിക്കുമ്പോഴും കുടുംബാംഗങ്ങൾ തമ്മിൽ ആശയവിനിമയം കുറവായതിനാൽ വൃദ്ധരെ ഏകാന്തത വല്ലാതെ അലട്ടുന്നു. തലമുറകളുടെ വിടവ് (generation gap) ആശയവിനിമയത്തിലും വിടവുണ്ടാക്കുന്നു.

വാർദ്ധക്യത്തിൽ പലതിനെയും വിലയിരുത്തുന്നത് സാമാന്യബുദ്ധിക്കു നിരക്കാത്തവിധം വികാരപരമായും താത്കാലികാവശ്യങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കാം. സുഹൃദ്ബന്ധം ഈ ഘട്ടത്തിൽ ഏറെ ആവശ്യമാണ്. ഔദ്യോഗിക ചുമതലകൾ, സാമൂഹികവും ആത്മീയവുമായവയിലെ പങ്കാളിത്തം, ഇതര കാര്യങ്ങളിൽ വഹിച്ച നേതൃത്വം തുടങ്ങിയവയുടെ അടിസ്ഥാനത്തിലായിരിക്കാം മുൻപ് സൗഹൃദങ്ങൾ നിലനിന്നിരുന്നത്. എന്നാൽ ഇന്ന് അവയിൽനിന്നെല്ലാം വിരമിച്ചതോടുകൂടി പുതിയ ജീവിതശൈലി പരിഗണിക്കേണ്ടിയിരിക്കുന്നു. പരസഹായം ആവശ്യമായ അവസ്ഥയിലാണെങ്കിൽ സഹായികൾ തങ്ങളെ ശരിയായി പരിചരിക്കണമെന്ന ലക്ഷ്യത്തോടെയായിരിക്കണം അവരുമായി സൗഹൃദം പുലർത്തേണ്ടത്. ഉപയുക്തതയും അടിയന്തരാവശ്യങ്ങളും നിർവ്വഹിച്ചുകിട്ടുവാനുള്ള വ്യഗ്രതയിൽ ചിലർ സൗഹൃദങ്ങൾ നിലനിർത്തിപ്പോരാൻ പരിശ്രമിച്ചേക്കാം. മുമ്പ്

വികസിപ്പിച്ചെടുത്ത സ്വഭാവ, പെരുമാറ്റ രീതികൾ ഈ വിഷയത്തിൽ പ്രേരണയാകാം. മറ്റുള്ളവരുടെ ക്ഷേമത്തിലും നന്മയിലും ശ്രദ്ധയൂന്നിക്കൊണ്ട് അവരോടു പുലർത്തുന്ന സൗഹൃദം ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്ന് ഓർക്കുക. മുൻപ് വികലമായ പല പെരുമാറ്റരീതികളുണ്ടായിരുന്നിരിക്കാമെങ്കിലും ഇപ്പോൾ നൂതനമായ ഒരു ജീവിതശൈലി പ്രായോഗികമാക്കാൻ ശ്രദ്ധിക്കുക. അതിനടിസ്ഥാനമായത് നിസ്വാർത്ഥ സ്നേഹവും ത്യാഗനിർഭരമായ സേവനസന്നദ്ധതയുമാണ്.

വാർദ്ധക്യകാലത്ത് മുഖ്യമായി രണ്ടു ചിന്താഗതികൾ പലരേയും ഭരിക്കാറുണ്ട്. ഒന്ന്: മുൻകാലത്ത് താൻ അനേകരെ സഹായിച്ചെന്നും ധന്യരാക്കിയെന്നും പറഞ്ഞ് ഇപ്പോൾ മറ്റുള്ളവരിൽ നിന്നും പ്രതിഫലം പ്രതീക്ഷിക്കുന്ന ചിന്ത. മുമ്പ് നമ്മൾ അവരെ സഹായിച്ചതാണ്; ഇപ്പോൾ അവർ നമ്മെ സഹായിക്കയും പരിഗണിക്കയും വേണം എന്നു പ്രതീക്ഷിച്ച്, അതു നടപ്പിലാകാതെവരുമ്പോൾ നേരിടുന്ന ഖിന്നത. രണ്ട്: വേതനത്തോടുകൂടിയാണെങ്കിലും അനേകരുടെ പ്രയത്നത്താലും കരുതലിനാലും നമുക്ക് സുഖസൗകര്യങ്ങൾ അനുഭവിക്കാൻ കഴിഞ്ഞെന്നും ഇന്ന് ഈ വാർദ്ധക്യകാലത്ത് അവർക്ക് തന്നാൽ കഴിയുന്ന സഹായം ചെയ്യണമെന്നുള്ള ചിന്ത. ഒരുപക്ഷേ അന്ന് നമ്മെ സഹായിച്ചവർ ഇന്ന് നമ്മുടെ സഹായം ഒട്ടും ആവശ്യമില്ലാത്തവരായിരിക്കാം. എന്നാൽ സാദ്ധ്യമാംവിധം ആവശ്യക്കാരെ അവരുടെ അവസ്ഥ കണ്ടറിഞ്ഞ് അതിനായി പരിമിതികളെപ്പോലും അവഗണിച്ചുകൊണ്ട് യത്നിക്കുന്നതിനുള്ള ആഗ്രഹം ചിലരിൽ കാണാം. പരാതിപ്പെട്ട് ദുഃഖിതരായി ഒരുകൂട്ടർ ജീവിതനൈരാശ്യത്തോടും നിഷേധാത്മക മനഃസ്ഥിതിയോടും ലോകത്തെ നോക്കിക്കാണുന്നു. മറ്റൊരു കൂട്ടർ സേവനാവസരങ്ങൾ കണ്ടുപിടിച്ച് തങ്ങളുടെ പ്രാപ്തിക്കൊത്തും പ്രാപ്തിക്കുമേലെയും പ്രവർത്തിക്കാനുള്ള സന്നദ്ധതയോടെ ചുറ്റുപാടുകളെ വീക്ഷിക്കുന്നു.

### ഫലസമ്പൂർണ്ണമായ വാർദ്ധക്യം

ഫലപ്രദമായി പ്രവർത്തിച്ച് ഉന്മേഷവത്തായ ജീവിതം സാദ്ധ്യമാകുന്നതിന് പരസ്പരം സഹായിക്കാൻ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്താവുന്നതാണ്. പുതിയ സരണികളിലേക്കു കാൽവയ്ക്കാൻ പരപ്രേരണയും തക്കതായ ആലോചനകളും ആവശ്യമാണ്. വിവിധങ്ങളായ അനുഭവങ്ങളും ജ്ഞാനവും പ്രവൃത്തി പരിചയവും ഉള്ള മുതിർന്ന പൗരന്മാർ ഒത്തുചേരുമ്പോൾ അവർ പരസ്പര പൂരകങ്ങളായി അനുയോജ്യമായ പ്രവർത്തനങ്ങളിൽ പങ്കുകാരാകാം. ഓരോ വ്യക്തിയുടെയും ഉള്ളിൽനിന്നാണ് ആവശ്യമായ ധൈര്യവും പ്രേരണയും വരേണ്ടതെങ്കിലും ആന്തരികമായി പരസ്പരം ബലപ്പെടുത്തുന്നത് ഓരോരുത്തരുടെയും വാർദ്ധക്യകാലത്തെ ഫലപ്രദമാക്കാനിടവരുത്തുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ വീടിന്റെ ഉമ്മറത്ത് ചാരുകസേരയിൽ കിടന്ന് കാടുകയറി ചിന്തിച്ച് രാത്രിയിൽ ഉറങ്ങാൻ കഴിയാതെ പരാതികളുമായി അടുത്ത ദിവസത്തെ നിഷ്ക്രിയരായി നേരിടുന്ന മുതിർന്ന പൗരന്മാർക്ക് പ്രേരണയും ആത്മധൈര്യവും പകരാൻ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മാബന്ധങ്ങൾ ഉപകരിക്കും. നിഷേധാത്മക മനോഭാവത്തിൽ സമയം പാഴാക്കുന്നതുമൂലം രോഗാവസ്ഥയിലാകുന്നവർക്ക് ഈവിധമുള്ള കൂട്ടായ്മയും സന്ദർശനവും സ്നേഹപൂർവ്വമായ സമീപനവും നല്ല പരിഹാരമാകുവാൻ സാധ്യതയുണ്ട്. വ്യക്തിബന്ധങ്ങളാണല്ലോ ഇവിടെ പ്രാധാന്യമർഹിക്കുന്നത്. വൃദ്ധജനങ്ങൾക്കെല്ലാം അവരുടെ മക്കളോ മറ്റു ബന്ധുജനങ്ങളോ അടുത്തോ അകലെയോ ഉണ്ടാകാം. വൃദ്ധരായ മാതാപിതാക്കൾ അവരുടെ വാർദ്ധക്യകാലം എത്രയും അർത്ഥവത്തായി ചിലവഴിക്കണമെന്നാണ് മിക്കവാറും എല്ലാ മക്കളുടെയും ആഗ്രഹം. അവരെ അതിന് പ്രേരിപ്പിക്കുന്ന മക്കളെ നമ്മുടെ ഇടയിൽ തന്നെ കാണാം. പകൽവീടുപോലെയുള്ള സാമൂഹ്യകൂട്ടായ്മയിലേക്ക് കൊച്ചുകുട്ടികളെ സ്കൂളിൽ കൊണ്ടാക്കുന്ന രീതിയിൽ മാതാപിതാക്കളെ പകൽ സമയം മറ്റു മുതിർന്ന വ്യക്തികളുമായി സഹവാസത്തിലും സൗഹൃദത്തിലും സമയം ചെലവഴിക്കാൻ മക്കൾ കൊണ്ടാക്കുന്നതും പരിചിതമാണ്. ഒരുവിധത്തിൽ വൃദ്ധമാതാപിതാക്കളോടൊപ്പം താമസിക്കുന്ന മക്കൾക്ക് ഇതു സംബന്ധിച്ചു വേണ്ട അറിവു പകരേണ്ടതാണ്. ചില രാജ്യങ്ങളിൽ "മുതിർന്ന പൗരന്മാരെ കരുതുക, അവർ ഒരിക്കൽ നിങ്ങളെ കരുതിയവരാണെന്ന് ഓർക്കുക" (Care for the old, for they cared for you) എന്ന പരസ്യശകലം ആധുനിക തലമുറയ്ക്കായി എഴുതിവെച്ചിരിക്കുന്നതു കാണാം.

പ്രായോഗികത എന്നത് നാമെല്ലാവരും പരിഗണിക്കുന്ന കാര്യമാണ്. ആശയങ്ങൾ കൈമാറാമെങ്കിലും അവ എത്രമാത്രം പ്രവർത്തനക്ഷമമാണെന്ന് നാം ആരായാറുണ്ടല്ലോ. പ്രസക്തിയെന്തുണ്ടെന്ന് ഗുണഭോക്താക്കൾ ആരായാറുണ്ട്. അതിനാൽ വാർദ്ധക്യകാലത്ത് ഫലപൂർണ്ണമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരുടെ വിവരങ്ങൾ പ്രായോഗികക്ഷമതക്ക് ഉദാഹരണങ്ങളാക്കാം. തന്റെ 81-ാമത്തെ വയസ്സിൽ ആഫ്രിക്കയിലെ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് അവിടെ പ്രവർത്തിക്കാനായി യൂറോപ്പിൽനിന്നു പോയ ഡോക്ടർ ആൽബർട്ട് ഷ്വയ്റ്റ്സറിനെപോലെയുള്ളവരുടെ ജീവിതമാതൃകയും തന്റെ 70-ാം ജന്മദിനത്തിൽ

(ശേഷം പേജ് 14 - ൽ)



ജീവിത ചിന്തകൾ

# സ്നേഹിക്കുവാൻ പ്രയാസമുള്ളവരെ സ്നേഹിക്കുക



ഡോ. നെൽസൺ മാത്യു വാലയിൽ

സത്യസന്ധമായി പറഞ്ഞാൽ, കഠിനന്മാരായവരെ സ്നേഹിക്കുക ഏറെ ബുദ്ധിമുട്ടാണ്. അത് ക്ഷീണിപ്പിക്കുന്നതും വേദനാജനകവും അസാധ്യവുമാണെന്ന് അനുഭവപ്പെടും. അങ്ങനെയുള്ളവർ നാമെല്ലാവർക്കും ചുറ്റുമുണ്ട്. നമ്മെ തെറ്റിദ്ധരിക്കുന്നവർ, നമ്മോട് മോശമായി പെരുമാറുന്നവർ, അല്ലെങ്കിൽ നമ്മെ പരുഷമായി കൈകാര്യം ചെയ്യുന്നവർ. ചിലപ്പോൾ ഇവരുടെ പേരുകൾ പരാമർശിക്കുന്നതുപോലും നമ്മുടെ ഹൃദയങ്ങളെ തളർത്തും. നമ്മുടെ ജീവിതത്തിൽനിന്നും 'അവരെ മുറിച്ചുമാറ്റുക' എന്ന് ലോകം പറയുന്നിടത്താണ് യേശു പറയുന്നത് 'അവരെ സ്നേഹിക്കുക' എന്ന്.

ലൂക്കൊസ് 6:27,28-ൽ യേശു പറയുന്നത്: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്ത് അടിക്കുന്നവന്നു മറ്റേതും കാണിച്ചുകൊടുക്ക; നിന്റെ പുതപ്പ് എടുത്തുകളയുന്നവന്നു വസ്ത്രവും തടുക്കരുത്. നിന്നോടു ചോദിക്കുന്ന ഏവന്നും കൊടുക്ക; നിനക്കുള്ളത് എടുത്തുകളയുന്നവനോട് മടക്കി ചോദിക്കരുത്. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്‌വിൻ."

നമുക്കു സ്നേഹിക്കുവാൻ പ്രയാസമുള്ള കഠിനന്മാരെ സ്നേഹിക്കുവാനുള്ള ഈ ആഹ്വാനം വെറുമൊരു നിർദ്ദേശമല്ല. അത് സുവിശേഷത്തിന്റെ ഹൃദയമിടിപ്പ്തന്നെയാണ്. യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തതും അതുതന്നെയാണ്.

നാമും സ്നേഹിക്കപ്പെടുവാൻ സാധ്യതയില്ലാത്തവരായിരുന്നു. റോമർ 5:8 പറയുന്നു "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു." നാം നല്ലവരായിത്തീരുവാൻ ദൈവം കാത്തിരുന്നില്ല. അതിനു നമുക്കു കഴിയുമായിരുന്നുമില്ല. ശുദ്ധരായതുകൊണ്ടല്ല അവൻ നമ്മെ സ്നേഹിച്ചത്. നമ്മുടെ അവസ്ഥ ഏറ്റം മോശമായിരുന്നെങ്കിലും അവൻ നമ്മെ സ്നേഹിച്ചു. ഇത് നാം മറന്നാൽ, മറ്റുള്ളവരെ ശരിയായി സ്നേഹിക്കുവാൻ പാടുപെടും. അർഹതയില്ലെങ്കിലും എത്രത്തോളം ദൈവം നമ്മോടു കൃപ കാണിച്ചു! മറ്റുള്ളവരെ നമ്മെപ്പോലെ കൃപ ആവശ്യമുള്ളവരായി കാണുവാൻ സാധിക്കുന്നത് മഹത്തരമാണ്.

**സ്നേഹിക്കുവാൻ പ്രയാസമുള്ളവർ ആരാണ്?**

സ്നേഹിക്കുവാൻ പ്രയാസമുള്ളവർ ഓരോരുത്തർക്കും വ്യത്യസ്തമാണ്. ചില ഉദാഹരണങ്ങൾ ഇതാ:

- സംസാരിക്കാനോ അനുരഞ്ജനപ്പെടാനോ വിസമ്മതിക്കുന്ന, പിരിഞ്ഞുനിൽക്കുന്ന കുടുംബാംഗം
- എപ്പോഴും താഴ്ത്തിക്കെട്ടുകയും പരദൂഷണം പറയുകയും ചെയ്യുന്ന സഹപ്രവർത്തകൻ
- വേണ്ടതുപോലെ മനസ്സിലാക്കാത്ത ജീവിപങ്കാളി
- ഒരിക്കലും അംഗീകരിക്കാത്ത മാതാപിതാക്കൾ
- എല്ലാ അതിരുകളും ലംഘിക്കുന്ന മത്സരബുദ്ധിയുള്ള മക്കൾ

വിശാലമായ അർത്ഥത്തിൽ, നമ്മൾ സ്നേഹിക്കുവാൻ ആഗ്രഹിക്കാത്ത ഏതൊരാളും - നമ്മൾ വിധിക്കുന്ന, ഭയപ്പെടുന്ന, നീരസപ്പെടുന്ന അല്ലെങ്കിൽ അവഗണിക്കുന്ന ഏതൊരു വ്യക്തിയും ഈ കൂട്ടത്തിൽ പെടും.

എന്നിരുന്നാലും, പലപ്പോഴും ദൈവം നമ്മെ സ്നേഹിക്കാൻ ഏൽപ്പിക്കുന്നത് ഇവരെയാണ്. അത് എളുപ്പമുള്ളതായതുകൊണ്ടല്ല, മറിച്ച് സ്നേഹം മോചനം നൽകുന്നു എന്നതുകൊണ്ടാണ്.

### യേശുവിന്റെ മാതൃക

സ്നേഹിക്കപ്പെടാത്തവരെ സ്നേഹിക്കാൻ യേശു നമ്മോട് പറയുക മാത്രമല്ല – അവൻ അത് നിറവേറ്റി മാതൃക കാണിച്ചു. ഭയവും അറപ്പും കാരണം ലോകം ഒഴിവാക്കിയ കുഷ്ഠരോഗികളെ അവൻ സ്പർശിച്ചു. സമൂഹം പുറത്താക്കിയവർക്കും അകറ്റിനിർത്തിയിരിക്കുന്നവർക്കുമൊപ്പം അവൻ ഭക്ഷണം കഴിച്ചു. മതം കുറ്റംവിധിച്ച വേശ്യകളോട് അവൻ മാന്യമായി സംസാരിച്ചു. മുതിർന്നവർ നിസ്സാരരായി കാണുന്ന കുട്ടികളെ അവൻ സ്വാഗതം ചെയ്തു. തന്നെ ക്രൂശിക്കുന്ന നഗരമായ യെരൂശലേമിനെക്കുറിച്ച് അവൻ കരഞ്ഞു. തന്നെ തള്ളിപ്പറഞ്ഞ ശിഷ്യനായ പത്രൊസിനെ അവൻ യഥാസ്ഥാനപ്പെടുത്തി. തന്നെ ക്രൂശിക്കാനുള്ളവർ പരിഹസിച്ചുകൊണ്ടിരുന്നപ്പോൾ അവൻ അത് ക്ഷമിച്ചു.

തന്നെ സ്നേഹിക്കാത്തവരെ യേശു വെറുത്തില്ല. നഷ്ടപ്പെട്ടവർക്കും മുറിവേറ്റവർക്കും ഒരു രക്ഷകനെ ആവശ്യമാണെന്ന് അവൻ ഗ്രഹിച്ചു, അതിനൊത്തവണ്ണം അവർക്കിടയിൽ പ്രവർത്തിച്ചു. അവന്റെ സ്നേഹം മറ്റുള്ളവരുടെ പെരുമാറ്റത്തെ ആശ്രയിച്ചായിരുന്നില്ല, മറിച്ച് അവന്റെ സ്വഭാവത്തിൽനിന്നും പ്രകടമായതാണ്.

### സ്നേഹിക്കുവാൻ പ്രയാസമുള്ളവരെ എങ്ങനെ സ്നേഹിക്കാം?

1. *അനുകമ്പയോടെ കാണുക:* പെരുമാറ്റത്തിനപ്പുറം നോക്കാനും അവരുടെ ദുസ്ഥിതിയെ മനസ്സിലാക്കാനും ശ്രമിക്കുക. വേദനിക്കുന്ന മനുഷ്യർ മനുഷ്യരെ വേദനിപ്പിക്കുന്നു. പരുഷരും, അഹങ്കാരികളും, കയ്പുള്ളവരും – അവർ പലപ്പോഴും മുറിവേറ്റ ആത്മാക്കളാണ്. യേശു ജനക്കൂട്ടത്തെ നോക്കി "ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസ്സലിഞ്ഞു' (മത്തായി 9:36).

2. *ക്ഷമ തിരഞ്ഞെടുക്കുക:* ക്ഷമ എന്നാൽ പ്രതികാരാഭിലാഷം ഒഴിവാക്കുക എന്നാണ്. അത് കയ്പിനു പകരം സമാധാനം തിരഞ്ഞെടുക്കുന്നു. "പിതാവേ, ഇവരോട് ക്ഷമിക്കേണമേ" എന്ന് യേശു തന്നെ എതിരിട്ടവർക്കായി പ്രാർത്ഥിച്ചു.

3. *സേവിക്കുക:* റോമർ 12:20 പറയുന്നു "നിന്റെ ശത്രുവിനു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ'. സ്നേഹനിർഭരമായ സേവനം കഠിനഹൃദയങ്ങളെ മൃദുവാക്കുന്നു. അത് പരുഷമായ സമീപനത്തോട് സൗമ്യമായി മറുപടി നൽകുന്നതോ അല്ലെങ്കിൽ ഒരു ദയാപ്രവൃത്തി ചെയ്യുന്നതോ ആകാം.

4. *സത്യസന്ധമായി പ്രാർത്ഥിക്കുക:* "ദൈവമേ, എനിക്ക് അവരെ സ്നേഹിക്കാൻ കഴിയുന്നില്ല. എന്നെ സഹായിക്കൂ" എന്ന് പ്രാർത്ഥിച്ചുതുടങ്ങാം. സ്നേഹിക്കുവാൻ പ്രയാസമുള്ളവരോട് സ്നേഹം ജനിപ്പിക്കുന്നതാണ് പ്രാർത്ഥന. വിശ്വാസത്തോടെ ഇത് തുടങ്ങുന്നു.

5. *അതിരുകൾ നിശ്ചയിക്കുക:* യേശു പോലും ചിലപ്പോഴൊക്കെ വിഷലിപ്തരായ ആളുകളിൽ നിന്ന് അകന്നു കഴിഞ്ഞു. "അവർ അവനെ പിന്നെയും പിടിപ്പാൻ നോക്കി; അവനോ അവരുടെ കയ്യിൽ നിന്നു. ഒഴിഞ്ഞുപോയി" '(യോഹന്നാൻ 10:39). നമുക്ക് ജ്ഞാനത്തോടെ സ്നേഹിക്കാൻ കഴിയും. അതിരുകൾ നീരസത്തെ തടയുകയും ശരിയായ പരിചരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

### എന്തുകൊണ്ട് ഇത് പ്രധാനമാണ്?


യോഹന്നാൻ 13:35 പറയുന്നു, "നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും." യേശുവിന്റെ ശിഷ്യന്മാരെന്നു മറ്റുള്ളവർ നമ്മെ തിരിച്ചറിയുന്നത് നമ്മുടെ അറിവ്, ധൈര്യം ദൈവശാസ്ത്രപരമായ പാണ്ഡിത്യം മുതലായവയാൽ മറിച്ച് നമ്മുടെ സ്നേഹത്താൽ, പ്രത്യേകിച്ച് പരീക്ഷിക്കപ്പെടുമ്പോൾ ആ സ്നേഹം പ്രകടമാകുന്നത്തിലൂടെയാണ്.

സ്നേഹിക്കുവാൻ പ്രയാസമുള്ളവരെ സ്നേഹിക്കുന്നത് നമ്മുടെ വിശ്വാസം യഥാർത്ഥമാണെന്ന് കാണിക്കുന്നു. ആർക്കും പ്രിയപ്പെട്ടവരെ സ്നേഹിക്കാൻ കഴിയും. എന്നാൽ അമാനുഷിക സ്നേഹം ഒരു അമാനുഷിക ഉറവിടത്തിലേക്ക് വിരൽചൂണ്ടുന്നു.

സുഹൃത്തുക്കളെ എങ്ങനെ സ്നേഹിക്കുന്നു എന്നതിലൂടെയല്ല മറിച്ച് ശത്രുക്കളെ എങ്ങനെ സ്നേഹിക്കുന്നു എന്നതിലൂടെയാണ് നാം ദൈവസ്നേഹത്തിന്റെ കണ്ണാടിയായി മാറുന്നത്. സ്നേഹവാനായ ദൈവത്തിന്റെ ഹൃദയം ലോകത്തിലേക്ക് പ്രതിഫലിപ്പിക്കുവാൻ ഇത് ഇടയാക്കുന്നു.

കൊറി ടെൻ ബൂം തന്നേയും സഹോദരിയേയും ദുരുപയോഗംചെയ്ത നാസി ഗാർഡുകളിൽ ഒരാളുമായി മുഖാമുഖം കാണുവാൻ ഇടയായി. അയാൾ ക്ഷമ ചോദിച്ചു. എന്നാൽ ജനം അവളെ ക്ഷമിക്കുവാൻ അനുവദിച്ചില്ല. പക്ഷെ അവളിലെ ദൈവാത്മാവ് അതിനു വിപരീതം സംസാരിച്ചു. ഒടുവിൽ അവൾ തന്റെ കൈ നീട്ടി.

(ശേഷം പേജ് 28 – ൽ)



ടീച്ചർ

ശോശാമ്മ സാബു

# സിംഹത്തിനു പറ്റിയ അമളി

ഒരിക്കൽ ഒരു സിംഹം ഇരതേടി നടക്കുകയായിരുന്നു. അപ്പോൾ അതാ ഒരു തടിയൻ മുയൽ ഉറങ്ങിക്കിടക്കുന്നു. സിംഹത്തിനു വലിയ സന്തോഷമായി. സിംഹം മുയലിനെ പിടിക്കാൻ ചാടി. അപ്പോഴാണ് ഒരു മാൻ അതിലൂടെ ഓടുന്നത് കണ്ടത്. കുറച്ചുകൂടി വലിയ ഇരയാണല്ലോ മാൻ! അതിനെ പിടിച്ചുകളയാം. സിംഹം മാനിനു പുറകെ ഓടി. മാൻ കുതിച്ചോടി. സിംഹത്തിനു മാനിനെ കിട്ടിയില്ല. ഓടി ക്ഷീണിച്ച സിംഹം മുയൽ കിടന്നിടത്തേക്ക് വന്നു. അപ്പോഴോ? മുയൽ അവിടെയില്ല. മുയൽ ഉണർന്ന് ഓടിപ്പോയിരുന്നു. വിശന്നുവലഞ്ഞ സിംഹം ഓർത്തു. "മുയൽ മതിയായിരുന്നു. മാനിന്റെ പുറകെ പോയപ്പോൾ മാനുമില്ല. മുയലുമില്ല." ഇതിൽ നിന്ന് എന്തു പാഠമാണ് കുഞ്ഞുങ്ങളേ നമുക്ക് പഠിക്കുവാനുള്ളത്? ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാൻ നാം ശീലിക്കണം.

എബ്രായർ 13:5 "ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ; ഞാൻ നിന്നെ ഒരുനാളും കൈ വിടുകയില്ല. ഉപേക്ഷിക്കയുമില്ല."

ഫിലിപ്പിയർ 4:11,12 – ൽ ഇങ്ങനെ പറയുന്നു ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം. തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു."

നമുക്കുള്ളതിൽ സന്തോഷത്തോടെ ദൈവത്തിന് നന്ദി പറഞ്ഞ് ജീവിക്കുവാൻ നാം പ്രാപ്തരാകണം. ദൈവം നമ്മെ അനുകൂലിച്ചിരിക്കുന്നത് കണ്ട് അതിൽ സന്തോഷിക്കുന്നതാണ് യഥാർത്ഥ സമാധാനം.

ഉള്ളതിൽ സംതൃപ്തനായവൻ വലിയ സമ്പന്നനാണ്. ദൈവം നൽകുന്നതിൽ നാം സന്തോഷിച്ചാൽ മനസ്സിൽ സമാധാനം ഉണ്ടാകും.

1 തിമൊ 6:8: "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക." മേൽ പറഞ്ഞ സിംഹത്തെപ്പോലെ ആർത്തിപൂണ്ട് ഓടിനടന്നാൽ ജീവിതത്തിൽ ഒന്നും നേടാൻ സാധിക്കുകയില്ല. ജീവിതത്തിൽ വരുന്ന നന്മകൾ സന്തോഷത്തോടെ കൈനീട്ടി സ്വീകരിക്കാതെ അതിലും വലിയതിന്റെ പുറകെ പായുന്നവരുടെ ജീവിതം അവസാനം ശൂന്യമായിപോകും. അതുകൊണ്ട് നമുക്ക് ഓരോ ദിവസവും ദൈവത്തോട് നന്ദിപറഞ്ഞ് സംതൃപ്തിയോടെ ജീവിക്കാം. അതിനായി ദൈവം അനുഗ്രഹിക്കട്ടെ. ●●●

# ആഗസ്റ്റ്

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

### മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.08.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | തട്ടാംമുകൾ (കാട്ടുചിറയിൽ ശ്രീ. ലിജു കെ. വൈ യുടെ ഭവനം) |
| 02.08.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 07.08.2025 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 08.08.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | കിഴക്കമ്പലം (നമ്മണാരിൽ ശ്രീ. എം. ഐസക്കിന്റെ ഭവനം) |
| 09.08.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് | മിഷൻസെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗത്സമേൻ) | കൊമ്പനാട് (മനേക്കുടി ശ്രീ. എം. ഒ. ജോസിന്റെ ഭവനം) |
| 16.08.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 21.08.2025 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | പുതുപ്പനം (തെക്കേതൊട്ടിയിൽ ശ്രീ. റ്റി. വി. കുര്യാക്കോസിന്റെ ഭവനം) |
| 22.08.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | പുന്നയം (ചെറിയവേലൂർ പുത്തൻവീട് ശ്രീ. സി. റ്റി. ഉമ്മന്റെ ഭവനം) |
| 23.08.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 28.08.2025 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| 30.08.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |



ക്രിസ്തീയ കുടുംബം – 7



പ്രൊഫ. ജോൺ സഖറിയ

# ദൈവഹിതം എങ്ങനെ തിരിച്ചറിയാം? എന്തിന് തിരിച്ചറിയണം?

നന്മയും പ്രസാദവും പൂർണ്ണതയും ഉള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു

- ഒന്നാമത് ഈ ലോകത്തിന് അനുരൂപരാകരുത്
- രണ്ടാമത് മനസ്സ് പുതുക്കി രൂപാന്തരപ്പെടണം. (റോമ 12:2)

ദൈവത്തിന്റെസൃഷ്ടിക്ക് ദൈവത്തിന്റെഹിതം (അനുവാദം) കൂടാതെ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. ദുഷ്ടന്മാർക്ക്പോലും. അതുകൊണ്ടാണല്ലോ മനുഷ്യന്റെ പല ബുദ്ധിപൂർവ്വമായ പദ്ധതികളും പാളിപ്പോകുന്നതും അതേസമയം അസാദ്ധ്യമെന്ന് മനുഷ്യൻ നിർണ്ണയിക്കുന്ന പലതും ചിലരുടെ ജീവിതത്തിൽ നടക്കുന്നതും.

**ദൈവഹിതം മൂന്നുവിധം**

1. ദൈവത്തിന്റെ പൂർണ്ണ ഹിതം (The perfect will of God)

2. ദൈവം അനുവദിച്ചുകൊടുക്കുന്ന ഹിതം (The permissive will of God)

3. ദൈവം അനുവദിക്കാത്ത കാര്യങ്ങളിലുള്ള ദൈവഹിതം (God's will in matters displaying to God)

ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഇവയെപ്പറ്റി ചിന്തിക്കാം.

**1. ദൈവത്തിന്റെ പൂർണ്ണ ഹിതം**

ഒരു യുവതിക്ക് തന്റെ ജീവിതപങ്കാളിയെപ്പറ്റി ചില പ്രത്യേക താത്പര്യങ്ങൾ ഉണ്ടായിരുന്നു. ആ താത്പര്യങ്ങൾ അവയിൽത്തന്നേ തെറ്റുമല്ല. അവ ദൈവസന്നിധിയിൽ വെച്ച് പ്രാർത്ഥിച്ചു. തനിക്ക് വ്യക്തിപരമായി താത്പര്യമില്ലാത്ത (അവ ദോഷമായതുകൊണ്ടല്ല) രണ്ട് പ്രത്യേകതകൾ ഉള്ള ഒരു വ്യക്തിക്കുവേണ്ടി ഒരു ആലോചന വന്നു. എങ്കിലും തുറന്ന മനസ്ഥിതിയോടെ അവൾ പ്രാർത്ഥിച്ചു. സ്വന്തം ഇഷ്ടങ്ങൾ ദൈവഹിതമല്ലെങ്കിൽ വിട്ടുകളയാം എന്ന് സമർപ്പിച്ചു. തീരുമാനമെടുക്കാൻ വളരെ ബുദ്ധിമുട്ടി. ഹൃദയത്തിൽ ആശയസംഘട്ടനം നടന്നു. നിർദ്ദോഷമെങ്കിലും വ്യക്തിപരമായ താത്പര്യങ്ങൾ ത്യജിച്ച് ആ വ്യക്തിയെ തെരഞ്ഞെടുക്കുവാൻ ദൈവം അവൾക്ക് ഒരു ദർശനത്തിൽക്കൂടി വെളിപ്പെടുത്തി. അതനുസരിച്ച് അവൾ തീരുമാനമെടുത്തു. സ്വസ്ഥത നേടി. വിവാഹജീവിതത്തിൽ തന്റെ വ്യക്തിപരമായ താത്പര്യങ്ങൾക്ക് ചേരാത്ത കാര്യങ്ങളിൽ പ്രതിസന്ധികൾ വന്നപ്പോൾ ദൈവത്തിൽ ആശ്രയിച്ച് അവൾ അവയെ അതിജീവിച്ചു. തന്റെ തെരഞ്ഞെടുപ്പ് ദൈവഹിതം അനുസരിച്ചാണെന്ന ഉത്തമബോദ്ധ്യം അവൾക്ക് ശക്തി പ്രദാനംചെയ്തു. അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബജീവിതവും ക്രിസ്തീയ ശുശ്രൂഷയും അവളിൽ ഇന്നും നടക്കുന്നു.

**2. ദൈവം അനുവദിച്ചുകൊടുക്കുന്ന ഹിതം**

അടിച്ച വഴിയേ പോയില്ലെങ്കിൽ പോകുന്ന വഴിയേ അടിക്കുക് ' എന്ന പ്രമാണമാണ്. ഇതിൽ ദൈവം അവരെ തള്ളിക്കളയുന്നില്ല. പക്ഷേ ധാരാളം വേദനകളിൽക്കൂടെ അവർ കടന്നുപോകേണ്ടിവരും.

ദൈവത്തെ അളവറ്റ് സ്നേഹിക്കുന്ന, വ്യവസ്ഥ കൂടാതെ അനുസരിക്കുവാൻ താത്പര്യപ്പെടുന്ന, സുവിശേഷവിഹിതം അല്ലാത്ത ഒരു സഭയിലെ

അംഗമായ ഒരു യുവാവ്. സാമൂഹ്യസമ്മർദ്ദങ്ങൾക്ക് വിധേയപ്പെട്ട് ഒരു പ്രത്യേക സമൂഹത്തിൽനിന്നും മാത്രം ജീവിതപങ്കാളിയെ തെരഞ്ഞെടുക്കാനാവൂ എന്ന സ്ഥിതിയിൽ എത്തി. രക്ഷിക്കപ്പെട്ട ഒരു പെൺകുട്ടിയെ തെരഞ്ഞെടുക്കുന്നതാണ് ദൈവഹിതം എന്ന ഉത്തമ ബോദ്ധ്യവും ക്രിസ്തീയ സ്നേഹിതരുടെ/ ശുശ്രൂഷകരുടെ ആലോചനയും താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ സമ്മർദ്ദത്തിൽ തള്ളപ്പെട്ടു. ഒരു ആത്മീയ ശുശ്രൂഷകന്റെ സൽസ്വഭാവിയായ കൊച്ചുമകളെ തെരഞ്ഞെടുത്തു. രക്ഷിക്കപ്പെട്ട അനുഭവം അവൾക്ക് ഇല്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ. വിവാഹം കഴിഞ്ഞ് അവളുടെ ആത്മീയ പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവത്തിലേക്ക് വരുമെന്ന് ആശ്വസിച്ചുകൊണ്ട്. പക്ഷേ വർഷങ്ങളോളം ആ സ്നേഹിതൻ അനുഭവിച്ച വേദനക്കും കഷ്ടപ്പാടുകൾക്കും മാനസ്സിക സംഘർഷങ്ങൾക്കും കണക്കില്ല. വളരെ വർഷങ്ങളിലെ സ്നേഹിതരുടെ പ്രാർത്ഥന, കുടുംബങ്ങളായി സ്നേഹിതർ നൽകിയ കൂട്ടായ്മ മുതലായവയാൽ ഇന്ന് ഒട്ടൊരു മാറ്റം വന്നിട്ടുണ്ട്. എങ്കിലും നഷ്ടപ്പെട്ട വർഷങ്ങളും സഹിച്ച ഹൃദയവേദനകളും ലഭ്യമാകാമായിരുന്ന അമൂല്യ നന്മകളും നഷ്ടത്തിന്റെ ബാക്കിപത്രം നൽകുന്നു.

**3. ദൈവഹിതം അന്വേഷിക്കാത്തവരെപ്പറ്റിയുള്ള ദൈവഹിതം**

ഇവർ രക്ഷിക്കപ്പെടാത്തവരോ രക്ഷിക്കപ്പെട്ടവരോ ആയിരിക്കാം. രക്ഷിക്കപ്പെട്ട അനേകരും (രക്ഷിക്കപ്പെടാത്തവരെ പോലെ തന്നേ) ലോകത്തിന്റെ മാനുഷിക പരിഗണനകൾവെച്ച് ജീവിതത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. ദൈവം അവയും അനുവദിക്കുന്നു. പക്ഷേ അതിന്റെ പരിണത ഫലങ്ങളോടുകൂടെ.

ഇവരിൽ ചിലരുടെ ക്രിസ്തീയ ജീവിതത്തെപ്പറ്റി പ്രത്യേകിച്ചൊന്നും പറയാനില്ല. പാട്ട്, പ്രാർത്ഥന, ആരാധനയിൽ സംബന്ധിക്കുക ഒക്കെ ഉണ്ട്. എന്നാൽ ദൈവത്തിന് യാതൊരു പ്രയോജനമോ ദൈവഹിതത്തിൽ ജീവിക്കുന്നവർക്ക് ലഭിക്കുന്ന നന്മകളോ ഒന്നും ഇവരെ സംബന്ധിച്ച് പ്രസക്തമല്ല.

**ദൈവത്തിന്റെ പൂർണ്ണഹിതം എങ്ങനെ കണ്ടെത്താം?**

ഒന്നാമത് 'ഈ ലോകത്തിന് അനുരൂപപ്പെടരുത്'. ലോകത്തിന്റെ നല്ലതെന്ന് തോന്നുന്ന മാനദണ്ഡങ്ങൾ പോലും വിടാതെ പൂർണ്ണ ദൈവഹിതത്തിൽ എത്തുകയില്ല. പണം, സ്ഥാനമാനങ്ങൾ, സുഖസൗകര്യങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള കാഴ്ചപ്പാടും അവ നേടുന്നതിനുള്ള വഴികളും ദൈവത്തിന്റേതിൽനിന്നും തികച്ചും വ്യത്യസ്തമാണ് ലോകത്തിന്റേത്. ഈ വ്യത്യാസം അറിയുക പോലും ചെയ്യാത്തവരാണ് വിശ്വാസികളിൽ വലിയ പങ്ക്അറിഞ്ഞാൽത്തന്നെ ആയതിനുവേണ്ടി നഷ്ടവും ക്ലേശവും സഹിക്കുവാൻ മനസ്സില്ലാത്തവർ. ആത്മീയ അനുഭവം, സ്വഭാവം ഇവയെ അഗണ്യമാക്കുന്നു. ദൈവവചനം ആയിരിക്കണം നമ്മുടെ മാനദണ്ഡം.

രണ്ടാമത് 'മനസ്സ് പുതുക്കി രൂപാന്തരപ്പെടുന്നതിലൂടെയാണ് ദൈവത്തിന്റെ പൂർണ്ണഹിതം കണ്ടെത്തുന്നത്. ലോകത്തിന് അനുരൂപപ്പെടാതിരിക്കുന്നത്. ദൈവവചനത്തിൽ കാണുന്ന സത്യങ്ങൾ അനുസരിച്ച് ചിന്തിക്കുന്നതിന്റെ ഫലമായിട്ടാണ് ലോകത്തിന്റെ കാഴ്ചപ്പാടിൽനിന്ന് വ്യത്യസ്തരായിരിപ്പാൻ ദൈവമക്കൾക്ക് സാധിക്കുന്നത്. ഓരോ ദിവസവും എടുക്കേണ്ടുന്ന തീരുമാനങ്ങൾ ദൈവഹിതപ്രകാരം ആകുന്നതിന് ഓരോ ദിവസവും ദൈവവചനം സമയമെടുത്ത് ധ്യാനിച്ച് മനസ്സിലാക്കി ജീവിതത്തിന്റെ അളവുകോൽ ആക്കി തീർക്കേണ്ടതുണ്ട്.

**ആന്തരിക സംഘർഷം ആർക്ക്?**

മൂന്നാമത്തെ കൂട്ടർ 'പോക്ക് കേസ്' ആണ്. അവർ ലോകമയത്വത്തിൽ പെട്ട് മുങ്ങിത്താഴുന്നു.

ഇക്കൂട്ടരിൽ ഏറ്റവുമധികം കഷ്ടപ്പെടുന്നത് രണ്ടാമത്തെ കൂട്ടരാണ്. അവർ ത്രിശങ്കു സ്വർഗ്ഗത്തിൽ കഴിയുന്നു. 'ഇല്ലത്തുനിന്ന് പുറപ്പെട്ടു. അമ്മാത്തു ഒട്ടു എത്തിയതുമില്ല' എന്ന പഴമൊഴിപോലെ; വവ്വാലിനെപ്പോലെ; ശീതോഷ്ണാവസ്ഥയിൽ - വാട്ടവെള്ളംപോലെ വെളി 3:15, 16 വാക്യങ്ങളിൽ ലവൊദിക്ക്യാസഭയെക്കുറിച്ച് പറയുമ്പോൾ അങ്ങനെയുള്ളവരെ ദൈവം തന്റെ വായിൽനിന്ന് ഉമിണ്ണുകളയും (തുപ്പിക്കളയും)

അവർ ദൈവത്തിന്റെ പൂർണ്ണഹിതത്തിൽ അല്ല ജീവിക്കുന്നത്; എന്നാൽ ലോകത്തിന്റെ വഴിയെ പോകുവാൻ താത്പര്യവുമില്ലതാനും. വളരെ കുറച്ചുപേർ മാത്രം, കാലങ്ങൾക്ക് ശേഷം ഒരുവിധം കരകയറി ദൈവത്തിന് കുറെയൊക്കെ പ്രയോജനപ്പെട്ടിട്ടുണ്ടാവാം.

എന്തുകൊണ്ട് ദൈവത്തിന്റെ പൂർണ്ണഹിതത്തിൽ ധന്യമായ ഒരു ജീവിതം നമുക്ക് നയിച്ചുകൂടാ? ഏറ്റവും ഉത്തമമായതിന് കുറച്ച് ചെലവും ത്യാഗവും ഉണ്ട്. ആദ്യം അത് നഷ്ടമായി തോന്നും; എന്നാൽ ജീവിതാന്ത്യത്തിൽ "ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികെച്ചു; വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു" (2 തിമൊ 4:7,8) എന്ന് ധൈര്യമായി പറയുവാൻ അവർക്ക് കഴിയും. ●●●




യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# പോണോഗ്രഫി: പുതിയ മയക്കുമരുന്ന്

സങ്കീർത്തനം 101:3 "ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന്നു മുമ്പിൽ വെക്കുകയില്ല; ക്രമം കെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പറ്റുകയില്ല."

അമേരിക്കയിൽ നടന്ന ഒരു സർവ്വേയിൽ കണ്ടെത്തിയത് കൊക്കെയിൻ, ഹെറോയിൻ തുടങ്ങിയ മയക്കുമരുന്നുകളെക്കാൾ അമേരിക്കയിലെ ചെറുപ്പക്കാരെ അടിമകളാക്കിയിരിക്കുന്നത് അശ്ലീല വീഡിയോകൾ ആകുന്നു എന്നാണ്. ഇത് കേവലം അമേരിക്കയിലെ മാത്രം ഒരു കണക്കല്ല. ലോകമെമ്പാടുമുള്ളവരെ പ്രായഭേദമെന്യേ അടിമകളാക്കിയിരിക്കുന്ന ആധുനിക ആസക്തിയാണ് അശ്ലീല വീഡിയോകൾ. ഇത്രയധികം അശ്ലീല വീഡിയോകൾ പ്രചരിക്കുവാൻ പ്രധാനമായും മൂന്നു കാരണങ്ങളാണ് ഉള്ളത്:

**1. ചിലവില്ലാത്ത ആസക്തി**

സൗജന്യമായി അശ്ലീല വീഡിയോകൾ ഇന്റർനെറ്റിൽ ലഭ്യമാകുന്നു എന്നുള്ളതാണ് ഈ ആസക്തി ഇത്രമാത്രം പടർന്നുപിടിക്കാനുള്ള പ്രധാന കാരണം. മദ്യമോ മയക്കുമരുന്നോ പണംകൊടുത്തു വാങ്ങേണ്ടിവരുമ്പോൾ സൗജന്യമായി ലഭിക്കുന്നത് കൂടുതൽ ആളുകളിലേക്ക് കടന്നുകയറും.

**2. ലഭ്യത**

ഒരു ഇൻറർനെറ്റ് കണക്ഷൻ ഉണ്ടെങ്കിൽ എപ്പോൾ വേണമെങ്കിലും എവിടെവെച്ച് വേണമെങ്കിലും ലഭിക്കുന്നു എന്നുള്ളതാണ് ഈ ആസക്തിയുടെ വ്യാപനത്തിന്റെ രണ്ടാമത്തെ കാരണം.

**3. രഹസ്യ സ്വഭാവം**

താൻ ഇത്തരമൊരു ആസക്തിക്ക് അടിമയാണെന്ന് അത്ര പെട്ടെന്നൊന്നും ആർക്കും മനസ്സിലാവുകയില്ല. ഇന്റർനെറ്റിൽ ഇത്തരം സൈറ്റുകൾ പരതുന്ന ഒരു വ്യക്തിക്ക് തന്റെ ഐഡന്റിറ്റിയെ അനായാസം മറച്ചുവെക്കാൻ കഴിയുന്നു എന്നുള്ളതുകൊണ്ട് ഒരിക്കലും പിടിക്കപ്പെടുകയില്ല എന്ന ധൈര്യവും ഉണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ അശ്ലീല വീഡിയോകളോടുള്ള ആസക്തി പ്രായഭേദമെന്യേ വർദ്ധിച്ചുവരുകയാണ്.

ചിലരെങ്കിലും തെറ്റിദ്ധരിച്ചിരിക്കുന്നത് പോണോഗ്രഫി ഒരു നിർദ്ദോഷമായ കാര്യമാണെന്നാണ്. എന്നാൽ അതൊരു യാഥാർത്ഥ്യമല്ല. ശാരീരികവും മാനസികവും ആത്മീയവുമായ വലിയ പ്രശ്നങ്ങളിലേക്ക് ഈ ആസക്തി നമ്മെ നയിക്കും. തലച്ചോറിലെ ഒരേ ന്യൂറൽ നെറ്റ്വർക്കിലൂടെ ഇത്തരത്തിലുള്ള ദൃശ്യങ്ങൾ തുടർമാനമായി കടന്നുപോകുമ്പോൾ തലച്ചോറിനെ പ്ലാസ്റ്റിക് പോലെയുള്ള അവസ്ഥയിലേക്ക് നയിക്കും. (It literally changes the physical matter within the brain). വേറൊരു രീതിയിൽ പറഞ്ഞാൽ ആ നെറ്റ്വർക്കിൽ ഉണ്ടാകുന്ന കേടുപാടുകൾ ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഉരുകിയ പ്ലാസ്റ്റിക് പോലെയാകും.

ഈ വിഷയത്തെക്കുറിച്ച് പഠിച്ചിട്ടുള്ള ചിലർ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു.

1. അശ്ലീല വീഡിയോകളോട് ആസക്തിയുള്ള ആളുകൾക്ക് ഒന്നിലേറെ ജീവിതപങ്കാളികൾ ഉണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്.

2. ഇത്തരം വീഡിയോകൾ തുടർച്ചയായി കാണുന്ന ആളുകൾക്ക് ലൈംഗികമായ ആത്മവിശ്വാസം ഇല്ലായ്മ പ്രകടമാകാറുണ്ട്. തന്റെ ശരീരത്തെ ഇത്തരം വീഡിയോകളിലെ വ്യക്തികളുമായി താരതമ്യം ചെയ്ത് അപകർഷതാബോധം ഉടലെടുക്കും.

3. ജീവിതപങ്കാളിയെ വഞ്ചിക്കാനുള്ള സാധ്യത കൂടുതലാണ്. അതു മുഖാന്തരം കുടുംബജീവിതങ്ങൾ താറുമാറാകും.

4. ജീവിതപങ്കാളിയെ കേവലം ഒരു ലൈംഗിക ഉപകരണമായി മാത്രം കാണും. ആ വ്യക്തിയുടെ ഇഷ്ടങ്ങളെയോ താത്പര്യങ്ങളെയോ ഓർക്കാതെ തന്റെ തൃപ്തിക്കുവേണ്ടി മാത്രം ഉപയോഗിക്കും. അവിടെ സ്നേഹത്തിന്റെ കണികപോലും ഉണ്ടാവുകയില്ല.

5. കുടുംബജീവിതത്തിലെ ലൈംഗികതയിൽ തൃപ്തിയില്ലാതെവരും. വിവാഹം കഴിഞ്ഞിട്ടും ജീവിതപങ്കാളി ഉണ്ടായിട്ടും അവരോട് ബന്ധപ്പെടുന്നതിനു പകരം ഇത്തരം വീഡിയോകളിൽ തൃപ്തി കണ്ടെത്താൻ വീണ്ടും പോകാനുള്ള സാധ്യത കൂടുതലാണ്.

6. തലച്ചോറിന്റെ കപ്പാസിറ്റി (Working Memory) കുറയാനുള്ള സാധ്യത കൂടുതലാണ്.

7. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യമായി അശ്ലീല വീഡിയോകൾ കാണാൻ തുടങ്ങും. ഭക്ഷണം കഴിച്ചില്ലെങ്കിലും വെള്ളം കുടിച്ചില്ലെങ്കിലും ഇത്തരം വീഡിയോകൾ ഇല്ലാതെ ജീവിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് എത്തും.

8. ക്രമേണ ഏകാന്തതയും വിഷാദരോഗവും അവരെ ബാധിക്കും. എപ്പോഴും ഒറ്റക്ക് ഇരിക്കാനും കൂട്ടുകാരിൽനിന്ന് അകലംപാലിക്കാനും ശ്രമിക്കും.

ഈയൊരു വലിയ കെണിയിൽനിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് നാം ചിന്തിക്കണം.

ഒന്നാമതായി ഇന്നത്തെ ദിവസം ഞാൻ അശ്ലീല വീഡിയോ കാണുകയില്ല എന്ന് തീരുമാനിക്കണം. ഓരോ ദിവസത്തെയും കുറിച്ച് അപ്രകാരം തീരുമാനം എടുക്കണം. 'ഞാനിനി ഒരിക്കലും' എന്നതിനെക്കാൾ 'ഇന്ന്' എന്നുള്ളതിന് പ്രാധാന്യം കൊടുക്കുക. അത് നമ്മുടെ ചിന്തയിൽ ഉണ്ടാക്കുന്ന മാറ്റം വളരെ വലുതാണ്.

രണ്ടാമതായി ഇത്തരം വീഡിയോകൾ കാണുവാൻ പ്രേരിപ്പിക്കുന്ന 3 സ്ഥലങ്ങളെ ഒഴിവാക്കുക. ചിലപ്പോൾ അത് ഒറ്റക്കിരിക്കുന്ന ഇടങ്ങളാകാം, മറ്റു ചിലപ്പോൾ നമ്മുടെ ബെഡ്റൂംതന്നെയാകാം. ഏതു സ്ഥലമാണെങ്കിലും ആ സ്ഥലത്തെ ഒഴിവാക്കുക.

മൂന്നാമതായി അത്തരം സമയങ്ങളിൽ മറ്റു ശീലങ്ങൾ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുക. ചിലർക്ക് ഇത്തരം വീഡിയോകളോട് ആസക്തി ഉണ്ടാകുന്നത് രാത്രികളിൽ ആയിരിക്കാം. ആ സമയത്ത് മറ്റേതെങ്കിലും നിലയിൽ നാം ചെലവഴിക്കണം. മാതാപിതാക്കളോടൊപ്പം ആയിരിക്കുകയോ കൂട്ടുകാരോടൊപ്പം ഗ്രൗണ്ടിൽ കളിക്കുകയോ ചിലവഴിക്കുകയോ ആകാം. അതും അല്ലെങ്കിൽ പ്രാർത്ഥിക്കുവാനോ ബൈബിൾ വായിക്കുവാനോ ശ്രമിക്കുക.

അത്തരം പ്രലോഭനത്തിന്റെ സമയങ്ങളിൽ അതിനെ എതിർത്തുനിൽക്കുവാൻ ഉരുവിടുവാൻ കൊള്ളാവുന്ന ചില വാക്കുകൾ കണ്ടുപിടിക്കുക. ഉദാഹരണത്തിന് 'എന്റെ ദൈവത്താൽ എനിക്ക് സാധിക്കും,' 'ഞാനൊരു വിശുദ്ധനാണ്' തുടങ്ങിയവ.

അഞ്ചാമതായി നമ്മുടെ പുരോഗതിയെ വിലയിരുത്തുക. എത്ര ദിവസമായി ഇത്തരം വീഡിയോകൾ കാണുന്നില്ല എന്നുള്ളത് കൃത്യമായി എണ്ണിക്കൊണ്ടിരിക്കുക. അത് നമുക്ക് തരുന്നത് വലിയ ആത്മവിശ്വാസം ആയിരിക്കും. കൃത്യമായി, ലക്ഷ്യത്തോടുകൂടി മുന്നോട്ടുപോവുക.

ഭക്തൻ പറഞ്ഞതുപോലെ ഞാൻ എന്റെ കണ്ണിന്റെ മുൻപിൽ ഒരു ഹീനകാര്യം വെക്കുകയില്ല എന്ന് ഉറപ്പോടും ധൈര്യത്തോടുംകൂടെ പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

●●●

(പേജ് 6 - ൽ നിന്നും)

പർവ്വതാരോഹണം പരിശീലിക്കാൻ തീരുമാനമെടുക്കുകയും 90-ാം വയസ്സിൽ ഫുജി പർവ്വതത്തിൽ കയറുകയും ചെയ്ത യൂറോപ്പുകാരി ഹിൽഡാ കുക്കറിന്റെ കർമ്മധീരതയും മറ്റും ഉദാഹരിച്ച് മുതിർന്ന പൗരന്മാർക്ക് പ്രായത്തെ ജയിച്ച് സേവനത്തിലേർപ്പെടാൻ പ്രചോദനം നല്കാവുന്നതാണ്. ദീർഘായുസ്സ് മഹനീയമാണ്. ജീവനുള്ള നാളുകൾ വർദ്ധിക്കുന്നത് നല്ലതുതന്നെ; പക്ഷേ ലഭിക്കുന്ന നാളുകൾ ഏറെ സജീവമാകുന്നത് എത്രയോ മെച്ചം! (Adding more days to life is good; but adding life to the years matters more) ദൈവത്തിന് ഫലപൂർണ്ണവും മറ്റുള്ളവർക്ക് പ്രയോജനകരവുമായി ജീവിക്കുന്നതിന്റെ പ്രാധാന്യമാണിത് വിളിച്ചോതുന്നത്.

●●●



വനിതാ വിചാരം

ലീലാമ്മ ഉമ്മൻ

# എലീശബെത്ത് – പുരോഹിതന്റെ ഭാര്യ

"വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." (എബ്രാ 11:1)

ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വാസമില്ലായ്കയാൽ സെഖര്യാവ് നിശബ്ദനായിത്തീർന്നു. പ്രാണപ്രിയനായ കർത്താവിന്റെ മൃദുസ്വരം കേൾക്കാൻ നാം എപ്പോഴും വാഞ്ഛിതരായിരിക്കണം. കേട്ടാൽ മാത്രം പോരാ അത് പൂർണ്ണമായും വിശ്വസിക്കണം, വിശ്വസിച്ചാൽ മാത്രം പോരാ. നമ്മളെ തന്നെ പൂർണ്ണമായും ദൈവകരങ്ങളിൽ സമർപ്പിക്കണം. അങ്ങിനെ ദൈവത്തിന്റെ മൃദുസ്വരം കേട്ട് അത്പ്പാടെ വിശ്വസിച്ച് ദൈവഹിതം നിറവേറുന്നതിനായി തന്നെത്തന്നെ പൂർണ്ണമായും താഴ്മയോടെ, വിനയത്തോടെ ദൈവകരങ്ങളിൽ സമർപ്പിച്ച ഒരു വ്യക്തിത്വത്തിനുടമയാണല്ലോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അമ്മയായ മറിയ. അത് ഒരു ലോകരക്ഷകന്റെ പിറവിക്ക് ഉദാത്തമായിത്തീർന്നു. നമ്മുടെ ഹൃദയങ്ങളെ അറിയുന്നവനാണ് ദൈവം. കർത്താവേ നീ എന്നോട് സംസാരിക്കാതിരിക്കരുതേ, നിന്റെ സ്വരം എന്നെ കേൾപ്പിക്കേണമേ എന്ന് നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണുമെന്നും, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നും വചനം പറയുന്നുവല്ലോ.

തിബെര്യാസ്കൈസരുടെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ പൊന്തിയൊസ്പീലാത്തൊസ് യെഹൂദ്യനാട് വാഴുമ്പോൾ ഹെരോദാവ് ഗലീലയിലും, അവന്റെ സഹോദരനായ ഫീലിപ്പൊസ് ഇതുര്യത്രഖോനിത്തിദേശങ്ങളിലും ലുസാന്യാസ് അബിലേനയിലും, ഇടപ്രഭുക്കന്മാരായും ഹന്നാവും കയ്യഫാവും മഹാപുരോഹിതന്മാരായും ഇരിക്കും കാലം. എലീശബെത്തിന്റെയും സെഖര്യാവിന്റെയും മകനായ യോഹന്നാന് മരുഭൂമിയിൽവെച്ച് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായി. അവൻ യോർദ്ദാനരികെയുള്ള നാട്ടിൽ ഒക്കെയും വന്നു പാപമോചനത്തിന്നായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു. (ലൂക്കൊ 3:1-3) സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് പറഞ്ഞു "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിതു കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ എന്നിങ്ങനെ യെശയ്യാപ്രവാചകൻ പറഞ്ഞവൻ ഇവൻ തന്നേ". (മത്താ 3:2,3) മാനസാന്തരപ്പെടുക എന്നതിന്റെ അടിസ്ഥാനപരമായ അർത്ഥം 'തിരിഞ്ഞുവരിക' എന്നതാണ്. ദുഷ്ടവഴികളെ വിട്ട് ക്രിസ്തുവിലേക്ക് തിരിയുക, ക്രിസ്തുവിലൂടെ ദൈവത്തിങ്കലേക്കു തിരിയുക. പാപി സ്വയമായി എടുക്കുന്ന സ്വതന്ത്രമായ ഒരു തീരുമാനമായി മാനസാന്തരത്തെ കണക്കാക്കാം. ആ വ്യക്തി സുവിശേഷം കേൾക്കയും അത് വിശ്വസിക്കയും ചെയ്യുമ്പോൾ ദൈവത്തിന്റെ കൃപ മാനസാന്തരത്തിലേക്ക് അവനെ നയിക്കുന്നു.

യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്ന യേശുവിനെ യോഹന്നാൻ വിലക്കി. എന്നാൽ യേശു യോഹന്നാനോട് സകലനീതിയും നിവർത്തിക്കുന്നത് നമുക്കു ഉചിതം എന്ന് പറഞ്ഞ് അവനാൽ സ്നാനം ഏറ്റു. യേശുവിന്റെ മുന്നോടിയായി വന്ന് യേശുവിനെക്കുറിച്ച് സാക്ഷ്യം പറഞ്ഞ യോഹന്നാൻ അവൻ സാക്ഷ്യത്തിനായി താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന് വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം പറവാൻ തന്നേ വന്നു.

"ആ കാലത്ത് ഇടപ്രഭുവായ ഹെരോദാവ് യേശുവിന്റെ ശ്രുതി കേട്ടിട്ട്, അവൻ യോഹന്നാൻ സ്നാപകൻ; അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തു; അതുകൊണ്ടാകുന്നു ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നത് എന്ന് തന്റെ ഭൃത്യന്മാരോട് പറഞ്ഞു. ഹെരോദാവ് തന്റെ സഹോദരനായ ഫീലിപ്പൊസിന്റെ ഭാര്യ ഹെരോദ്യയെ പരിഗ്രഹിച്ചതുകൊണ്ട്, (സഹോദരന്റെ ഭാര്യയെ പരിഗ്രഹിക്കുന്നതു വിഹിതമല്ല എന്ന് യോഹന്നാൻ ഹെരോദാവോട് പറഞ്ഞിരുന്നു.) ഹെരോദ്യയും അവന്റെ നേരെ പക വച്ച് അവനെ കൊല്ലുവാൻ ഇച്ഛിച്ചു. എന്നാൽ യോഹന്നാൻ നീതിയും വിശുദ്ധിയും ഉള്ള പുരുഷൻ എന്ന് ഹെരോദാവ് അറിഞ്ഞു അവനെ ഭയപ്പെടുകയും കാത്തുകൊൾകയും ചെയ്തു. എന്നാൽ ഹെരോദാവ് തന്റെ ജനനദിവസത്തിൽ നടത്തിയ വിരുന്നിൽ ഹെരോദ്യയുടെ മകൾ അകത്തുചെന്ന് നൃത്തംചെയ്ത് ഹേരോദാവിനെയും വിരുന്നുകാരെയും പ്രസാദിപ്പിച്ച അവളോട് മനസ്സുള്ളത് എന്തെങ്കിലും ചോദിച്ചുകൊൾക, നിനക്ക് തരാം എന്ന് രാജാവ് പറഞ്ഞതിൻപ്രകാരം ബാല അവളുടെ അമ്മയുടെ ഉപദേശപ്രകാരം യോഹന്നാൻസ്നാപകന്റെ തല ഒരു തളികയിൽ തരേണമെന്ന് ആവശ്യപ്പെടുന്നു. ഇത് കേട്ട രാജാവ് അതിദുഃഖിതനായി. എന്നാൽ വാക്കു പറഞ്ഞതിനെയും വിരുന്നുകാരെയും വിചാരിച്ച് യോഹന്നാന്റെ തല കൊണ്ടുവരുവാൻ കല്പിക്കുന്നു. തടവിലായിരുന്ന യോഹന്നാനെ ശിരച്ഛേദം ചെയ്തു. തല ഒരു താലത്തിൽ കൊണ്ടുവന്ന് ബാലെക്ക് കൊടുത്തു. ബാല അമ്മെക്കു കൊടുത്തു. അവന്റെ ശിഷ്യന്മാർ ചെന്ന് അവന്റെ ഉടൽ എടുത്ത് കുഴിച്ചിട്ടു.

അഭക്തയായ ഒരു ബാലയുടെ പരസ്യനൃത്തം അതിവിശുദ്ധനായ ഒരു മനുഷ്യന്റെ മരണത്തിന് കാരണമായി. ലൗകിക വിരുന്നുകൾ, നൃത്തങ്ങൾ, ദോഷകരമായ സിനിമകൾ ഇവ വികാരങ്ങളെ ഉണർത്തുകയും പാപത്തെയും നീതിയെയും ന്യായവിധിയെയും വിവേചിക്കുവാനുള്ള കഴിവ് നഷ്ടപ്പെടുത്തുകയും ദൈവത്തെ മറന്നുകളയുവാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥ ദൈവമക്കൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ പങ്കെടുക്കുകയില്ല. അസാധാരണമായ സന്തോഷവേളകളിൽ എബ്രായസ്ത്രീകളും പെൺകുട്ടികളും സ്വമേധയ നൃത്തംചെയ്തിരുന്നതായി തിരുവെഴുത്തുകളിൽ കാണുന്നു. (യിരെ 31:4) യുദ്ധത്തിൽ വിജയം നേടിയപ്പോഴും അവർ യഹോവെക്ക് പാടി നൃത്തം ചെയ്തിരുന്നു. (പുറ 15:19-21) യെഹൂദാപുരുഷന്മാർ സ്ത്രീകളോടൊപ്പം നൃത്തംചെയ്തിരുന്നതായോ യെഹൂദാസ്ത്രീകൾ ഒരു സദസ്സിന്റെ മുമ്പിൽ പരസ്യമായി നൃത്തംചെയ്തിരുന്നതായോ വചനത്തിൽ കാണുന്നില്ല. എന്നാൽ ഹെരോദ്യയുടെ മകൾ സദസ്യരുടെ മുമ്പിൽ നൃത്തംചെയ്തത് ഒരു ജാതീയ ആചാരമായിരുന്നു. അത് വലിയൊരു വിപത്തിന് കാരണമായി.

നീതി നിറഞ്ഞവരും അനുസരണമുള്ളവരും ആയിരുന്ന വൃദ്ധദമ്പതികളായ സെഖര്യാവിനും എലീശബെത്തിനും ദൈവം തന്റെ പദ്ധതിപ്രകാരം നല്കിയ മകൻ ഈ ലോകമക്കളുടെ ദുഷ്ടചിന്തയാൽ ക്രൂരമായി വധിക്കപ്പെട്ടു. ദൈവപുത്രനായ ക്രിസ്തുവിനുവേണ്ടി വഴിഒരുക്കുവാൻ വന്നവനെ വാർദ്ധക്യത്തിൽ ഗർഭംധരിച്ച് ഈലോകത്തിന് നൽകുവാനുള്ള ഭാഗ്യം ലഭിച്ച എലീശബെത്ത് എത്രയോ അനുഗ്രഹീതയാണ്. ഒരു പുരോഹിതന്റെ ഭാര്യ എന്ന നിലയിൽ സെഖര്യാവിനോടൊപ്പം എലീശബെത്ത് അനുഗ്രഹിക്കപ്പെട്ട ജീവിതം നയിച്ചു. A.D. 22-ൽ യോഹന്നാന് 28 വയസ്സുള്ളപ്പോൾ എലീശബെത്ത് മരിച്ചു എന്ന് ചില രേഖകളിൽ കാണാം. എങ്ങനെ എവിടെവച്ച് മരണപ്പെട്ടു എന്ന് തെളിവുകൾ ഇല്ല.

ജീവിതത്തിലുണ്ടാകാമാകുന്ന പ്രതികൂല സാഹചര്യങ്ങളിലും കയ്പേറിയ അനുഭവങ്ങളിലും അപമാനിക്കപ്പെടുമ്പോഴും വിധിക്കപ്പെടുമ്പോഴും ദൈവേഷ്ടത്തിന് വിധേയരായി ക്ഷമയോടെ കാത്തിരിക്കാനുള്ള ഒരു മനോഭാവം എലീശബെത്തിൽ നിന്നും ലഭിച്ചത് നല്ല ഒരു പ്രചോദനമായി നമുക്കത് ഉൾക്കൊള്ളാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ!

●●●

**ഗോസ്പൽ മെസഞ്ചർ മാസിക വാട്ട്സാപ്പിലൂടെ ലഭിക്കുന്നതാണ്. Gospel Messenger എന്ന് എഴുതി പേരും സ്ഥലവും ഉൾപ്പെടുത്തി 8281616654 എന്ന നമ്പറിലേക്ക് Whatsapp സന്ദേശമയക്കുക.**

# നമ്മുടെ വയലുകളിലൂടെ ഒരു യാത്ര



മദ്ധ്യപ്രദേശ് (ജാബുവ)



രാജസ്ഥാൻ (ദേവ്ഗഢ്)



രാജസ്ഥാൻ (രത്‌ലാം)



രാജസ്ഥാൻ (പാഡലവാഡിക്ക)



രാജസ്ഥാൻ (പാഡ്‌ല കട്ടാറ)



രാജസ്ഥാൻ (ഉദയ്പുർ)



കർണ്ണാടക (ഹസ്സൻ)



ജാർഖണ്ഡ് (ടാറ്റ നഗർ)

ജൂൺ 5-ാം തീയതി മുതൽ 22-ാം തീയതി വരെ എനിക്ക് വിവിധ സംസ്ഥാനങ്ങളിലെ മിഷൻ ഫീൽഡുകൾ സന്ദർശിക്കുവാനും വേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാനും കൂട്ടായ്മയിൽ സംബന്ധിക്കുവാനും സാധിച്ചു. പ്രതിസന്ധികളുടെ മദ്ധ്യേ വളരെ തീക്ഷ്ണതയോടെ കർത്താവിന്റെ വേല ചെയ്യുന്നത് കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയായി. ശുശ്രൂഷകളുടെ അനുഗ്രഹത്തിനും വിശ്വാസികളുടെ ആത്മീയ ഉണർവ്വിനുമായി തുടർന്നും ദൈവമക്കൾ പ്രാർത്ഥിക്കണമേ!



സജി കെ. എസ്.
ഫീനിക്സ്
കോ-ഓർഡിനേറ്റർ

# അയക്കപ്പെട്ട പു



Rev. കെ. എസ്. സ്കറിയ Rev. Fr. ജോൺ പുത്തുരാൻ, Rev. ജോർജ്ജ് ജേക്കബ്, Rev. Fr. ഏലിയാസ് മാരിയിൽ, Rev. പി. വി. യാക്കോബ്, Rev. വി. വി. ജോർജ്ജ്, Rev. കുര്യൻ അലക്സാണ്ടർ, Rev. സണ്ണി കെ. ജോൺ, എന്നീ വൈദികർ അനുഗ്രഹിച്ച് പ്രാർത്ഥിച്ചയച്ച നമ്മുടെ പുതിയ മിഷൻ സെന്ററുകളിലെ സുവിശേഷവേലക്കാർ.



Br. അജിത്ത്കുമാർ റ

ആ



Br. പെമ്മാടി ശ്രീനിവാസ

## ഗുജറാത്ത്



Br. വാൽവി ദിനേഷ് ബായി



Br. ഗിർവർലാൽ ലോട്ടറെ



Br. മഹേഷ്കുമാർ സോൽകർ



Br. ശിവ്നാരയൺ സാഹു



Br.

## മഹാരാഷ്ട്ര




Br. ഗണേഷ് ഉമാജി ഷിൻഡെ



Br. സായിനാഥ് മല്ല

## പഞ്ചാബ്



Br. രാജ്പാൽ മസിഹ്



Br. രാംരാജ് എം

## ജമ്മു



Br. കുൽഭൂഷൻ കുമാർ

## ഉത്തരാഖണ്ഡ്



Br. ഗുല്ലു ബഹദൂർ



Br. ഹർമീന്ദ് സിംഗ്



Br. വികാസ് ലാൽ

# ...തിയ വേലക്കാർ

...അസ്സം ........................ അരുണാചൽപ്രദേശ് ........................ ആന്ധ്രപ്രദേശ് ........................



Br. ജോൺസ് ലീഡർ നാസറി


Br. അമർ സിംഗ്


Br. മഡപ്പന സുവർണ്ണ രാജു


Br. ധൂംഗ ആദിനാരായണ

...ന്ധ്രപ്രദേശ് ........................ ബീഹാർ ........................


...ു


Br. ബാവിറെഡ്ഡി ഡേവിഡ് രാജ്


Br. പ്രസാദ് റാം


Br. ഗ്യാൻ പ്രകാശ്


Br. ഉമേഷ് സോറൻ


Br. കുന്ദൻ റുഡു

...... ഛത്തീസ്ഗഢ് ........................


...ചന്ദ്രകുമാർ ടാൻഡൻ


Br. ചന്ദ്രപാൽ ദിവാകർ


Br. ധനേഷ് മാർകം


Br. ശ്യാംകുമാർ കിഷോർ


Br. രാജേന്ദ്ര കുമാർ

...... ഒഡീഷ ........................ ........................ രാജസ്ഥാൻ ........................


... ജി


Br. തുപേശ്വർ മാജി


Br. ആനന്ദ് ഹിരാവത്ത്


Br. രമേഷ്ചന്ദ് ഫാഡോർ



Br. ലോകേഷ് ചർഹോത

...... ........................ തെലങ്കാന ........................ ഉത്തർ പ്രദേശ്




Br. കലാകോട്ടി ഗോപി


Br. അലുവാല ലാസറസ്സ്


Br. ഭോലാനാഥ് സുമൻ

# ബൈബിൾ സ്റ്റഡി

## 'പഠിക്കുക, പഠിപ്പിക്കുക' 'വിശുദ്ധിയിൽ വളരുക'





കർത്താവിന്റെ ശിഷ്യത്വത്തിലേക്ക് ദൈവമക്കളെ വളർത്തികൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ഗോസ്പൽ ടീമിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ ബൈബിൾ സ്റ്റഡി ആരംഭിച്ചിരിക്കുന്നു. വേദപുസ്തകത്തിലെ വിവിധ വിഷയങ്ങളെ അധികരിച്ചുകൊണ്ട് Dr. വി. പി മത്തായി വാലയിൽ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നു. താത്പര്യമുള്ളവർ ബന്ധപ്പെടണമേ. Mob.9447707654, 8281616654

# വിമൻസ് ഫെലോഷിപ്പ്



വിമൻസ് ഫെലോഷിപ്പിന്റെ യൂണിറ്റുകൾ സഹോദരിമാരുടെ ആത്മീയ ഉണർവ്വിനും വളർച്ചക്കും ബലഹീനരെ സഹായിക്കുന്നതിനും ഇടയാക്കുന്നു. കൂടാതെ മിഷന്റെ പ്രവർത്തനങ്ങളിലും ശുശ്രൂഷകളുടെ വ്യാപനത്തിനുമായി പ്രവർത്തിച്ചുവരുന്നു.ശ്രീമതി ജാൻസി വർഗ്ഗീസ്, ശ്രീമതി ഷിബി സാബു, ശ്രീമതി ഏലിയാമ്മ ജോൺ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ തിങ്കളാഴ്ചകളിലും 2.30 മുതൽ 3.30 വരെ ബൈബിൾ സ്റ്റഡി ഓൺലൈനായി നടക്കുന്നുണ്ട്. മീറ്റിംഗിൽ പങ്കാളികളാകുവാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടണമേ.

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **ഉത്തമഗീതം 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധപന സുവർണ്ണ രാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരയണ
**വിഷയങ്ങൾ** : നിരീക്ഷണ, സ്തുതി- പഠനത്തിന്റെ അനുഗ്രഹത്തിനായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ഉത്തമഗീതം 5–8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **യെശയ്യാവ് 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റേ, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : സുനിത- ലിവർ പ്രോബ്ലം സൗഖ്യത്തിനായും, ചിരാങ്ങ്, കൊക്രജാർ, സുബൈജാർ, ബൊംഗൈഗാവ് എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും, ഫീൽഡിലെ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **യെശയ്യാവ് 5–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : അമിത - കഴുത്തു വേദന സൗഖ്യത്തിനായും, ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **യെശയ്യാവ് 10–13 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഭഗവാൻ- മദ്യപാനത്തിൽ നിന്നും വിടുതലിനായും, ഭഗവാൻ- സുനിത- കുടുംബവഴക്കിനെ തുടർന്ന് അകന്നു കഴിയുന്നു. അവർ തമ്മിലുള്ള പിണക്കം മാറുവാനും, ഫീൽഡിൽ വേല വളരുന്നതിനായും പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **യെശയ്യാവ് 14–18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : മഹേഷ് - സന്ധിവാതം, മുന്ന - കാൻസർ, ജാഗൻ- തളർവാതം, ദേവലി- ഷുഗർ, കലേശ്വർ- കഴുത്തു വേദന, ഇവരുടെ സൗഖ്യത്തിനായും, ഉഷ- കുടുംബ സമാധാനം, സഞ്ജീവ് - വിവാഹത്തിന്റെ അനുഗ്രഹത്തിനായും ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **യെശയ്യാവ് 19–23 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, മൽബാരി ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **യെശയ്യാവ് 24–27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർ ലാൽ ലോട്ട്റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധന്വേശർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : ഉത്തം-ശ്വാസ തടസ്സം, മെഹത്തർ-ബി.പി നോർമൽ ആകുവാനും, സന്തോഷ് - ഗംഗ- മക്കളില്ലാതെ ഭാരപ്പെടുന്നു. ജാനകി- കുടുംബമായി മാനസാന്തരപ്പെടുവാനും, ഉർഗ ഗ്രാമത്തിൽ ചർച്ചു പണിയുന്നതിനായും എല്ലാ വിശ്വാസികളും ആത്മീയായി വളരുവാനും, ഫീൽഡിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **യെശയ്യാവ് 28–30 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : അഞ്ചനി- വീടുപണിയുടെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **യെശയ്യാവ് 31–34 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: എനോശ്, ആശേർ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : ആശിഷ് ബ്ലഡ് കുറവ്, ക്ഷീണം, പ്രതാപ് - നടുവേദന, ആരോൺ- ഛർദ്ദി, പനി, വിനോദ് - തളർവാതം, ഊർമ്മിള- ബ്ലഡ് കുറവ്, ക്ഷീണം ഇവരുടെ സൗഖ്യത്തിനായും, ശാർമ്മിള-സാത്താന്യബന്ധനം വിടുതലിനായും, ഗംഗാപൂർ ഗ്രാമത്തിൽ പ്രാർത്ഥനഹാൾ പണിയുന്നതിനായും, ഗംഗാപൂർ, ഉദംപൂർ, ആമ്പലിബാരി എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **യെശയ്യാവ് 35–37 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **യെശയ്യാവ് 38–41 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു–കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽബുഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **യെശയ്യാവ് 42–44 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **യെശയ്യാവ് 45–48 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **യെശയ്യാവ് 49–51 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : വിനിത- സുഖപ്രസവത്തിനായും, ലാലു- റ്റി ബി, നാനി- കൈകാലുകൾക്ക് നീര്, എഴുന്നേറ്റ് നടക്കാൻ പ്രയാസം, ഇവരുടെ സൗഖ്യത്തിനായി ഉദയ്പുരാ, അമർദാര ഗ്രാമത്തിൽ ആരാധന നടക്കുന്നു. സുവിശേഷവിരോധികൾ യാതൊരുവിധ പ്രശ്നങ്ങളും സൃഷ്ടിക്കാതിരിക്കുവാനും, അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**16**

വായനഭാഗം : **യെശയ്യാവ് 52–56 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : മഹാരാഷ്ട്ര (ഗോന്ദിയ)
പ്രവർത്തകർ : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല
വിഷയങ്ങൾ : മഹേന്ദ്ര- തളർവാതം, ഇന്ദിര- ബിപി, ഷുഗർ ഇവരുടെ സൗഖ്യത്തിനായും, രഞ്ജു, പ്രത്വിരാജ്, ദുർഗ്ഗ, സതീഷ്- കുടുംബസമാധാനത്തിനായും, രാമേശ്വർ, ഉഷ, സച്ചിൻ, രാജ്കുമാർ, മനീഷ, നീലുബായി- സാമ്പത്തിക ബുദ്ധിമുട്ട് മാറുവാനും, രവികിരൺ, ഓംകാർ, ശംഗർ, ചന്ദ്രൻ- വീടുപണിയുടെ അനുഗ്രഹത്തിനായും, പ്രകാശ്, ചാഗൻ, അൻകുഷ്, അരവിന്ദ്, ബാവുദാസ്, പ്രത്വിരാജ്- മദ്യപാനത്തിൽനിന്നും വിടുതലിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**17**

വായനഭാഗം : **യെശയ്യാവ് 57–60 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : മേഘാലയ (ഷില്ലോങ്)
പ്രവർത്തകർ : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി)
വിഷയങ്ങൾ : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

വായനഭാഗം : **യെശയ്യാവ് 61–64 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : നാഗാലാന്റ് (ഡിമാപൂർ)
പ്രവർത്തകർ : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

വായനഭാഗം : **യെശയ്യാവ് 65, 66 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഒഡീഷ (കണ്ഡമാൽ)
പ്രവർത്തകർ : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആഷേഷ്, അർച്ചന, അഞ്ജന)
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

വായനഭാഗം : **യിരെമ്യാവ് 1–3 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഒഡീഷ (കൊട്ടഗ്രാ)
പ്രവർത്തകർ : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
വിഷയങ്ങൾ : പ്രേയർ ഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

വായനഭാഗം : **യിരെമ്യാവ് 4–6 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഒഡീഷ (ഹത്മുനിഗുഡ)
പ്രവർത്തകർ : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
വിഷയങ്ങൾ : പത്മസേന- സ്വന്തമായൊരു ഭവനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**22**

വായനഭാഗം : **യിരെമ്യാവ് 7–9 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഒഡീഷ (കൽഹണ്ടി)
പ്രവർത്തകർ : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

വായനഭാഗം : **യിരെമ്യാവ് 10–12 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
പ്രവർത്തകർ : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: എയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ മംമ്ത, മക്കൾ: ജനീന, ജമീമ) തുപേശ്വർ മാജി
വിഷയങ്ങൾ : സീന- കുടുംബത്തിന്റെ അനുഗ്രഹത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സൺഡേ സ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികൾക്കായും അവരുടെ കുടുംബത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**24**

**വായനഭാഗം** : **യിരെമ്യാവ് 13–15 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**25**

**വായനഭാഗം** : **യിരെമ്യാവ് 16–18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്‌വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : നിർമ്മ- കാലിന്റെ വേദന സൗഖ്യത്തിനായും, ഉദയ്പൂർ ജില്ലയിലെ വേലയുടെ അനുഗ്രഹത്തിനായും, സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, പാലിബഡി ഗ്രാമത്തിലെ മദ്യപന്മാരുടെ വിടുതലിനായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സാലിബാഡി ഗ്രാമത്തിലെ കൂട്ടായ്മക്കായും, ഗ്രാമങ്ങളിലെ വേലയുടെ വളർച്ചക്കും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**26**

**വായനഭാഗം** : **യിരെമ്യാവ് 19–22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ- ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേലവളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

**27**

**വായനഭാഗം** : **യിരെമ്യാവ് 23, 24 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടീ ഗോപാൽ റോ
**വിഷയങ്ങൾ** : മുച്ചല ഫീൽഡിലെ ചർച്ച് പണിയുടെ പൂർത്തികരണത്തിനായും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

**28**

**വായനഭാഗം** : **യിരെമ്യാവ് 25–27 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ) ഭോലനാഥ് സുമൻ
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**29**

**വായനഭാഗം** : **യിരെമ്യാവ് 28, 29 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡ്ഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആഗ്യ) ഹർമീന്ദ് സിംഗ്(ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ പ്രവർത്തനങ്ങൾ ഫീൽഡിൽ ഒത്തിരി പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

**30**

**വായനഭാഗം** : **യിരെമ്യാവ് 30, 31 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു, ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : സുഖ്മുനി - കേൾവിക്കുറവ്, സോന - കാഴ്ച്ചക്കുറവ്, ഇവരുടെ സൗഖ്യത്തിനായും ജൂലി, വിനോദ് - ആത്മിയമായി വളരുവാനും, മോഹൻ- മദ്യപാനം മാറുവാനും ബനാർഹട്ട്, കട്ടൽഗുരി ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**31**

**വായനഭാഗം** : **യിരെമ്യാവ് 32, 33 അദ്ധ്യായങ്ങൾ**
**വിഷയങ്ങൾ** : ലിജി - ജോബി, അനു - ദിലീപ്, എൽജി- സബിൻ, എമി - എമിൽ, ഇവാഞ്ചലിൻ - ജോൺ, താര - ബേബി, നീതു - എൽദോസ്, അനു - അജയ്, ദീപ്തി - ക്രിസ്റ്റി, ആലീസ് - ജോസഫ്, മിനി - മോഹൻ, ലീന - അനിൽ, പവിത്ര - ദിപേഷ്, ലിജു - ലിൻസി, ജനി - റോജൻ, വിമൽ - അനു, ഷെറിൻ - ജിൻസു, സുമതി - മോഹനൻ, ലില്ലി - തോമസ് മക്കളില്ലാതെ ഭാരപ്പെടുന്ന ഈ പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കാം.




# വിശ്വാസിയുടെ നടത്തം

വിശ്വാസികളുടെ നടത്തം എങ്ങനെയുള്ളതായിരിക്കണമെന്നു ചിന്തിക്കുമ്പോൾ തന്നേ, അതൊരു നടത്തമല്ല ഓട്ടമാണ് എന്നാണ് പൌലൊസ് അപ്പൊസ്തലൻ ചൂണ്ടിക്കാണിക്കുന്നത്. "നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തുകളഞ്ഞു?, എന്നാണ് പൌലൊസ് ഗലാത്യരോട് ചോദിക്കുന്നത്. (ഗലാ. 5:7) ക്രിസ്തീയ പ്രയത്നങ്ങളെ ഗ്രീസിൽ നടക്കുന്ന ഓട്ടമത്സരങ്ങളുമായിട്ടാണ് പൌലൊസ് താരതമ്യപ്പെടുത്തുന്നത്.

ഗലാ. 2:2 തീത്തൊസിനെയും കൂട്ടി യെരുശലേമിലേക്കു പോയതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. "ഞാൻ ഒരു വെളിപ്പാട് അനുസരിച്ചത്രേ പോയത്; ഞാൻ ഓടുന്നതോ ഓടിയതോ വെറുതേ എന്നു വരാതിരിപ്പാൻ ഞാൻ ജാതികളുടെ ഇടയിൽ പ്രസംഗിക്കുന്ന സുവിശേഷം അവരോടു.....വിവരിച്ചു."

1 കൊരി. 9:24 "ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളൂ എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ"

വിരുതുപ്രാപിപ്പാൻ നാം എങ്ങനെയാണ് ഓടേണ്ടത്? ജീവന്റെ വചനത്തെ പ്രമാണിച്ചുകൊണ്ട് ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കാനാണ് പൌലൊസ് ആഹ്വാനം ചെയ്യുന്നത്. "അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും." (ഫിലി 2:16). അതുകൊണ്ട് നാം സ്വീകരിച്ച വിശ്വാസം മുറുകെ പിടിച്ചുകൊള്ളണം. മറ്റൊരു സുവിശേഷമോ, മറ്റൊരു വ്യാഖ്യാനമോ ആരെങ്കിലും കൊണ്ടുവന്നാൽ സ്വീകരിക്കരുത്. അവരുടെ ഉപദേശങ്ങൾ പിന്തുടർന്നാൽ ദൈവത്തിന്റെ വിളിയെ നിരസിച്ചുകളയുകയാണ്.

(1) *നാം ഓടുമ്പോൾ, നമുക്ക് ഒരു ലക്ഷ്യം ഉണ്ടായിരിക്കണം.* ആ ലക്ഷ്യത്തിലേക്കു വേണം നാം ഓടുവാൻ. ഫിലി 3:14, "ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു." നമ്മിൽ തികഞ്ഞവർ ഒക്കെയും ഇങ്ങനെ തന്നേ ചിന്തിച്ചുകൊൾക.

(2) *സ്ഥിരതയോടെ വേണം ഓടാൻ* എബ്രായർ 12:1) "ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക."

(3) *ഓട്ടം പൂർത്തിയാക്കണം.* ഓട്ടം പാതിവെച്ച് നിർത്തിക്കളയരുത്. മറ്റ് തടസ്സങ്ങൾ എന്തുവന്നാലും

മുന്നേറണം. ആത്മഹത്യ തുടങ്ങിയ പ്രവണതകൾ വർദ്ധിച്ചുവരുന്ന ഇക്കാലയളവിൽ നമുക്കു ശക്തി തരുന്നവനെ മുറുകെ പിടിച്ചുകൊണ്ടു മുന്നേറുക. പൌലൊസ് പറയുന്നു.' "ഞാനോ ഇപ്പോൾതന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച എവർക്കുംകൂടെ" (2 തിമൊ 4:6–8).

(4) *പരസ്പരം സ്നേഹിക്കണം.*

"നിങ്ങൾ അന്യോന്യം കടിക്കയും തിന്നുകളകയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.' (ഗലാത്യർ 5:15) പരസ്പരം സ്നേഹിക്കേണ്ടതിനു പകരം അന്യോന്യം കടിച്ചുകീറിയാൽ രണ്ടുകൂട്ടരും നശിച്ചുപോകും എന്നേയുള്ളു. നാം ജീവിക്കുകയും മറ്റുള്ളവരെ അനുവദിക്കുകയും വേണം. അവരും ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കണം.

(5) *പരിശുദ്ധാത്മാവിന്റെ പ്രേരണയനുസരിച്ചു വേണം വ്യാപരിക്കുവാൻ.*

"ആത്മാവിനെ അനുസരിച്ചുനടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു. ജഡാഭിലാഷം ആത്മാവിന്നും ആത്മാഭിലാഷം ജഡത്തിന്നും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ." (ഗലാ. 5:16,17)

ക്രിസ്തീയ 'പുത്രത്വ'ത്തിന്റെ തത്ത്വമെന്നത് (Principle) പരിശുദ്ധാത്മാവ് ആയിരിക്കുന്നതുപോലെ ക്രിസ്തീയ പ്രവർത്തനങ്ങളുടെ തത്ത്വം പരിശുദ്ധാത്മാവ് ആണ്.

(6) *പുതു ജീവനിൽ ആയിരിക്കണം നടത്തം.*

"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ." (റോമ. 6:4)

(7) *വിശ്വാസത്താൽ നയിക്കപ്പെടണം.*

'കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നുതു" (2 കൊരി. 5:7) വിശ്വാസം എന്നാൽ എന്ത്? എന്ന് ബൈബിൾ പറഞ്ഞുതരുന്നു. 1) വിശ്വാസം ആശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പാണ്. നാം എന്തു പ്രാർത്ഥിച്ചാലും അതു ലഭിക്കും. കടുകുമണിപോലുള്ള വിശ്വാസം വേണം. 2) കാണാത്ത കാര്യങ്ങളുടെ നിശ്ചയമാണ്. നാം വിശ്വസിക്കുന്നതെല്ലാം കാണാത്തതുതന്നെയാണ്. കണ്ടുകഴിഞ്ഞാൽ പിന്നെ വിശ്വാസം എന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ കൺമുമ്പിൽ നാം കാണുകയല്ലേ? "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' എന്നല്ലേ യേശു തോമാസ്അപ്പൊസ്തലനോടു പറഞ്ഞത്. ബൈബിൾ ദൈവവചനമായതുകൊണ്ട് നാം അതു പൂർണ്ണമായി വിശ്വസിക്കുന്നു. വരാനിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തെക്കുറിച്ച് നാം വിശ്വസിക്കുന്നു. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്" എന്നു യേശു പറഞ്ഞത് നാം വിശ്വസിക്കുന്നു.

(8) *കർത്താവിന്റെ അഭീഷ്ടം മനസ്സിലാക്കണം.*

"ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്നു ഗ്രഹിച്ചുകൊൾവിൻ" (എഫെ. 5:17) ഈ ലോക ജീവിതപ്രശ്നങ്ങളുടെ മുമ്പിൽ, നാം എടുക്കേണ്ട തീരുമാനം എന്തെന്ന് അറിയില്ലെങ്കിൽ ദൈവഹിതം എന്തെന്ന് അറിയാൻ വേണ്ടി നാം പ്രാർത്ഥിക്കണം.

(9) *നാം പ്രകാശത്തിൽ മാത്രം സഞ്ചരിക്കണം.*
"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." (1 യോഹ. 1:7)

(10) *ക്രിസ്തു നടന്ന അതേ വഴിയിൽക്കൂടി വേണം നാം നടക്കേണ്ടത്.*

"നാം അവന്റെ കല്പനകളെ അനുസരിച്ചു നടക്കുന്നതു തന്നേ സ്നേഹം ആകുന്നു. നിങ്ങൾ ആദിമുതൽ കേട്ടതുപോലെ അനുസരിച്ചുനടപ്പാനുള്ള കല്പന ഇതത്രേ." (2 യോഹ. 6)

ഒരു വിശ്വാസി നടക്കേണ്ട വഴികളെ സംബന്ധിച്ച് 10 സൂചനകളാണ് നാം ചിന്തിച്ചത്. ഇപ്രകാരമുള്ള ജീവിതം നയിക്കുന്നതിന് നമുക്കു സംരക്ഷണം ലഭിക്കും. നമ്മുടെ ജീവിതത്തിന്റെ സർവ്വപ്രധാന വിഷയം ക്രിസ്തു ആയിരിക്കണം. പരിശുദ്ധാത്മാവ് നമുക്ക് ശക്തിനൽകും. അവൻ ശക്തിയുടെ ആത്മാവാണ്. (The Spirit of Power) ജഡമോഹങ്ങളെ ജയിക്കുവാൻ അവൻ ശക്തിനൽകും. ആത്മപൂരിതരായി നമുക്ക് മുന്നോട്ട് പോകാം. ●●●

## വിശ്വാസത്തിന്റെ തീക്ഷ്ണത



16-ാം നൂറ്റാണ്ടിലെ വിശ്വാസികൾ കർത്താവിന്റെ മരണത്തെ പ്രതിപാദിക്കുന്ന ശിലാലിഖിതം കണ്ടെത്തി. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സന്ദേശം യഥാർത്ഥത്തിൽ എല്ലാ സൃഷ്ടികളിലേക്കും ഭൂമിയുടെ അറ്റങ്ങൾവരെ എത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കാനഡയിലെ ഒരു പാറയിൽ കൊത്തിയെടുത്ത 255 വ്യത്യസ്ത ചിഹ്നങ്ങളുടെ പിന്നിലെ അർത്ഥം പുരാവസ്തു ഗവേഷകർ അടുത്തിടെ വെളിപ്പെടുത്തി എകദേശം 200 വർഷമായി ഈ കൊത്തുപണികൾ കല്ലിൽ ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. 2018-ൽ മിഷിഗണിലെ അതിർത്തിയിൽനിന്ന് എകദേശം 155 മൈൽ അകലെ കാനഡയിലെ വാവ പട്ടണത്തിൽ ഒരു മരം വീണു. ഇത് സംഭവിച്ചപ്പോൾ ഒരു പാറക്കെട്ടിൽ കൊത്തിയെടുത്ത നൂറുകണക്കിനു ചിഹ്നങ്ങളുള്ള ചതുരാകൃതിയിലുള്ള ഒരു ലിഖിതം വെളിപ്പെട്ടു. ഈ ലിഖിതം സ്വീഡിഷ് ഭാഷയിൽ കർത്താവിന്റെ ക്രൂശുമരണത്തെ പ്രതിപാദിക്കുന്ന കൊത്തുപണികളാണെന്ന് നിർണ്ണയിക്കപ്പെട്ടു. 1800-കളിൽ ഹഡ്സൺസ് ബേ കമ്പനി ഈ പ്രദേശത്തെ വ്യാപാര കേന്ദ്രങ്ങളിൽ സ്വീഡിഷ് തൊഴിലാളികളെ നിയമിച്ചിരുന്നു. ഇത് കൊത്തുപണിചെയ്ത ഒരാൾ സ്വീഡനിൽനിന്നുള്ള ആളാണെന്ന് സൂചിപ്പിക്കുന്നു. ഈ പ്രദേശത്ത് മറ്റു വസ്തുക്കളൊന്നും കണ്ടെത്തിയിട്ടില്ലാത്തതിനാൽ ആ ചെറിയ സ്ഥലം ഒരു ബാഹ്യ ആരാധനയ്ക്ക് അനുയോജ്യമായ സ്ഥലമാണെന്നാണ് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നത്. ക്രിസ്തുവിന്റെ സന്ദേശം ലോകത്തിന്റെ ഏറ്റവും വിദൂര കോണുകളിൽപ്പോലും എത്തിയിട്ടുണ്ടെന്ന് ഈ ശ്രദ്ധേയമായ കണ്ടെത്തൽ നമ്മെ ഓർമ്മിപ്പിക്കുന്നു. മുൻ വിശ്വാസികൾ അജ്ഞാത ദേശങ്ങളിലേക്ക് അവരുടെ വിശ്വാസം കൊണ്ടുപോവുക മാത്രമല്ല പ്രാർത്ഥനയുടെ ശക്തിക്ക് ഒരു സാക്ഷ്യം നൽകുകയും ചെയ്തുവെന്ന് ഈ കൊത്തുപണികൾ കാണിക്കുന്നു.

Source: www.disciplesnews.com

## കടൽവെള്ളത്തിൽ അലിഞ്ഞുപോകുന്ന പ്ലാസ്റ്റിക്-മലിനീകരണം ചെറുക്കാൻ ഒരു പുതുമാർഗ്ഗം?



സമുദ്രങ്ങളിലെ പ്ലാസ്റ്റിക് മലിനീകരണം ഒരു വലിയ സമസ്യയാണ്. ദിനംപ്രതി പ്ലാസ്റ്റിക് ശേഖരം സമുദ്രങ്ങളിൽ ഏറുകയാണ്. സമുദ്രജീവികളെയും സമുദ്രങ്ങളുടെ ആരോഗ്യത്തെയും സാരമായി ബാധിക്കുന്നതാണ് കടലിൽ ഉയരുന്ന പ്ലാസ്റ്റിക് സാന്നിധ്യം. ഈ പ്രശ്നത്തിനു പരിഹാരമാകുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ഒരു കണ്ടെത്തൽ ഇപ്പോൾ ജപ്പാനിലെ ശാസ്ത്രജ്ഞർ നടത്തിയിരിക്കുകയാണ്. ജപ്പാനിലെ ടോക്കിയോ സർവ്വകലാശാല റൈകൻ സെന്റർ ഫോർ എമർജന്റ് മാറ്റർ സയൻസ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരാണ് ഈ ഗവേഷണത്തിനു പിന്നിൽ പെട്രോളിയത്തിൽനിന്നു വികസിപ്പിക്കുന്ന പ്ലാസ്റ്റിക്കുകളുടെ അതേ കരുത്തുള്ളതാണ് ഈ പ്ലാസ്റ്റിക്കും. പക്ഷേ ഉപ്പുമായി സമ്പർക്കത്തിൽ വരുമ്പോൾ ഇതു വിഘടിക്കുമെന്നതാണു പ്രതീക്ഷനൽകുന്ന പ്രത്യേകത. സുപ്രാമോളിക്യൂലർ പോളിമർ എന്ന വസ്തുവിൽ ഗവേഷകർ 3 പതിറ്റാണ്ടായി നടത്തിയ പരീക്ഷണങ്ങളിലാണു പുതിയ പ്ലാസ്റ്റിക് കണ്ടെത്തിയത്. സോഡിയം ഹെക്സാമെറ്റഫോസ്ഫേറ്റ് ഉപയോഗിച്ചുള്ള സംയുക്തങ്ങളാണ് ഈ പ്ലാസ്റ്റിക്കിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഈ പ്ലാസ്റ്റിക് വിഘടിക്കുമ്പോൾ നൈട്രജൻ, ഫോസ്ഫറസ് എന്നീ മൂലകങ്ങളാണു വെളിയിൽ പോകുന്നത്. ഇവ സൂക്ഷ്മാണുക്കൾക്ക് ഉപയോഗിക്കാവുന്നതും സസ്യങ്ങൾക്ക് ആഗിരണംചെയ്യാവുന്നതുമാണ്. മനുഷ്യർക്ക് പ്രശ്നമുണ്ടാക്കാത്തവയുമാണ്. പ്ലാസ്റ്റിക്കിന്റെ ഏറ്റവും വലിയ ദുരന്തഫലം അനുഭവിക്കുന്നത് സമുദ്രജീവികളാണ്. എൺപതു ദശലക്ഷം ടൺ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ സമുദ്രത്തിൽ പ്രതിവർഷം എത്തുന്നുണ്ടെന്നാണു കണക്ക്. ലോകത്ത് ഓരോ മിനിറ്റിലും 10 ലക്ഷം പ്ലാസ്റ്റിക് കുപ്പികൾ ആളുകൾ വാങ്ങുന്നുണ്ട്. നിലവിലെ പ്ലാസ്റ്റിക് പ്രതിസന്ധിയുടെ മൂന്നു മടങ്ങാകും വരുംകാലങ്ങളിൽ പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന പ്രശ്നങ്ങളുടെ തോത്. ലോകത്ത് പരിസ്ഥിതിയെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളെടുത്താൽ അതിൽ പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന മാലിന്യങ്ങൾക്ക് ഉയർന്ന സ്ഥാനമുണ്ടാകും. ലോകത്തിലെ സമുദ്രങ്ങളിൽ ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് അടിഞ്ഞുകിടക്കുന്ന 5 മേഖലകളുണ്ട്. അതിൽ ഏറ്റവും വലുതാണ് ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച്. 16 ലക്ഷം ചതുരശ്ര കിലോമീറ്ററോളം വിസ്തീർണമുള്ളതാണ് ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച്. ഫ്രാൻസ് എന്ന രാജ്യത്തിന്റെ മൂന്നു മടങ്ങ് വിസ്തീർണമുണ്ട് ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ചിന്. കാലിഫോർണിയ, ഹവായ് തീരങ്ങളുടെ മധ്യത്തിലായാണു ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച് സ്ഥിതിചെയ്യുന്നത്. ഈസ്റ്റേൺ ഗാർബേജ് പാച്ച്, വെസ്റ്റേൺ ഗാർബേജ് പാച്ച് എന്നിങ്ങനെ രണ്ട് ഭാഗങ്ങളായിട്ടാണ് ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച് സ്ഥിതി ചെയ്യുന്നത്. ചൈന, ഇന്തൊനേഷ്യ, ഫിലിപ്പൈൻസ്, വിയറ്റ്നാം, തായ്‌ലൻഡ് എന്നീ രാജ്യങ്ങളിൽനിന്നാണ് ഈ പാച്ചിലേക്ക് ഏറ്റവും കൂടുതൽ പ്ലാസ്റ്റിക് മാലിന്യം വരുന്നതെന്ന് ഗവേഷകർ പറയുന്നു. സമുദ്രത്തിലെ ചാക്രിക രീതിയിൽ ചലിക്കുന്ന ഒഴുക്കുകളായ ഗൈറുകളാണ് ഇത്തരം ഗാർബേജ് പാച്ചുകളുണ്ടാകുന്നതിനു കാരണമാകുന്നത്. ഗൈറുകൾ പ്ലാസ്റ്റിക്കുകൾ ഓരോ മേഖലയിൽ അടിയുന്നതിനു കാരണമാകും. സമുദ്രത്തിലേക്കു പ്രതിവർഷം 11.5 ലക്ഷം മുതൽ 24. ലക്ഷം ടൺ പ്ലാസ്റ്റിക് എത്തുന്നുണ്ടെന്നാണു കണക്ക്. ഇതിൽ പകുതിയിലേറെ പ്ലാസ്റ്റിക് പൊങ്ങിക്കിടക്കാറുണ്ടെന്നും ശാസ്ത്രജ്ഞർ പറയുന്നു.

Source: www.manoramaonline.com

(പേജ് 8 – ൽ നിന്നും)

നമ്മുടെ ജീവിതത്തിൽ ആരിലേക്കാണ് സ്നേഹം പകരേണ്ടത്? ഒരു അദ്ധ്യാപകൻ, ഒരു രക്ഷിതാവ്, ഒരു അയൽവാസി, ഒരു പഴയ സുഹൃത്ത്? അത് ബലഹീനതയല്ല. അത് വിശുദ്ധ ശക്തിയാണ്.

നമ്മുടെ പോരാട്ടം ദൈവത്തോട് ഏറ്റുപറയുക. നമുക്ക് എത്രമാത്രം ക്ഷമ ലഭിച്ചിട്ടുണ്ടെന്ന് ധ്യാനിക്കുക. കാൽവറിയിലേക്ക് നോക്കുക. അത് നമ്മുടെ ഹൃദയങ്ങളെ മൃദുവാക്കുന്നു. ആ വ്യക്തിക്ക് ഒരു സന്ദേശം അയക്കുക. ദയയോടെ സംസാരിക്കാൻ തിരഞ്ഞെടുക്കുക. നിശബ്ദമായി ക്ഷമിക്കുക. സ്നേഹം ഓരോ പ്രവൃത്തികളിലൂടെ വളരുന്നു. പ്രയാസമുള്ളവരെ സ്നേഹിക്കുന്നത് അവരെ മാറ്റുക മാത്രമല്ല – അത് നമ്മേയും മാറ്റുന്നു. നാം കൂടുതൽ ക്ഷമയുള്ളവരും കൂടുതൽ എളിമയുള്ളവരും നന്മ ക്രിസ്തുവിനെപ്പോലെയുമാക്കുന്നു. അത് രോഗശാന്തിക്കുള്ള വാതിൽ തുറക്കുന്നു – നമുക്കും മറ്റുള്ളവർക്കും.

ക്രൂശ് സുഖകരമായിരുന്നില്ല. എങ്കിലും അത് സ്നേഹമായിരുന്നു. ഒരേ സമയം യേശുവിനെ അനുഗമിക്കുന്നുണ്ടെന്നും സ്നേഹത്തിന്റെ ക്രൂശ് വഹിക്കില്ലെന്നും അവകാശപ്പെടാൻ കഴിയില്ലല്ലോ.

*"കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രന്മാരായി തീരേണ്ടതിന്നു തന്നേ... നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ." (മത്തായി 5:43–48)*

●●●

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



### അത്ഭുതരോഗ സൗഖ്യം

തിരോറയിലെ സത്തോന ഗ്രാമത്തിൽ താമസിക്കുന്ന എനിക്ക് ഒരു പുതിയ ജീവിതം നൽകിയതിന് സർവ്വശക്തനായ ദൈവത്തോട് ഞാൻ നന്ദിയുള്ളവളാണ്. 2025 മാർച്ച് 30-ന് വൈകുന്നേരം എനിക്ക് ഹൃദയാഘാതം സംഭവിച്ചു. ഉടൻ തന്നെ എന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശസ്ത്രക്രിയക്ക് വിധേയമാകാൻ ഡോക്ടർ എന്നെ ഉപദേശിച്ചു. പക്ഷേ, സാമ്പത്തികമായി ശേഷിയില്ലാത്തതിനാൽ ഞങ്ങൾ ഭയന്നുപോയി. ഞങ്ങൾ കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു, കർത്താവ് ഞങ്ങളുടെ പ്രാർത്ഥന കേട്ട് എന്നെ മരണത്തിൽനിന്ന് രക്ഷിച്ചു. അഞ്ച് ദിവസത്തിന് ശേഷം ഞാൻ ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്യപ്പെട്ടു. ഇപ്പോൾ ഞാൻ പൂർണ്ണമായും ആരോഗ്യവതിയാണ്. കർത്താവിന് മഹത്വം.

ദുർഗ്ഗ ഷിൻഡെ, മഹാരാഷ്ട്ര



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :.................................................................. ഒപ്പ്:......................



# ദൈവത്തിനുവേണ്ടി ഒരു സാമ്രാജ്യ നിർമ്മാതാവ്

**ലിനാർഡ് റാവൻഹിൽ**

ദമസ്കൊസ് വഴിത്താരയിൽവെച്ച് ശൗൽ ഒരു പ്രസംഗകനെ സന്ധിക്കുകയും ഒരു പ്രസംഗം കേൾക്കയും മാത്രമേ ചെയ്തിരുന്നുള്ളുവെങ്കിൽ, അവനെക്കുറിച്ച് പിന്നീടൊരിക്കലും കേൾക്കുമായിരുന്നില്ല. എന്നാൽ അവൻ ക്രിസ്തുവിനെ കണ്ടുമുട്ടി! (പ്രസംഗങ്ങളെയും പ്രസംഗകരേയും ഒഴിഞ്ഞുമാറാവുന്നതാണ് - സാധാരണ അങ്ങനെയാണല്ലോ എന്നാൽ ക്രിസ്തുവിനെ ഒരിക്കലും ഒഴിഞ്ഞുപോകാൻ കഴിയുന്നതല്ല.) ആ ദിവസം അവിടെവച്ചു തന്നേ ശൗലിന്റെ ജീവിത തത്വശാസ്ത്രം ജീവനായവനാൽത്തന്നെ സന്ധിക്കപ്പെട്ടു. ഈ തീ തീനിയും മതഭക്തനുമായ എരിവുകാരൻ പരിശുദ്ധാത്മസ്നാനം നൽകുന്ന കർത്താവിനെ കണ്ടുമുട്ടി. അതിന്റെ ഫലമായി ശൗൽ രൂപാന്തരപ്പെട്ടുകഴിഞ്ഞപ്പോൾ, നാഗരികത, കൂടുതൽ മെച്ചമായതിനുവേണ്ടി ഒരു കറക്കം നടത്തിക്കഴിഞ്ഞിരുന്നു. ഇന്നും അങ്ങനെ സംഭവിക്കുവാൻ, കർത്താവേ, അവിടുത്തേക്ക് ദയവുണ്ടാകേണമേ! സ്വന്തം ദൃഷ്ടിയിൽ കർക്കശക്കാരനും, ന്യായപ്രമാണം അനുസരിക്കുന്നവനും അനിന്ദ്യനുമായ ഒരു പരീശനായിരുന്നെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ താൻ പാപികളിൽ പ്രധാനിയാണെന്ന് പൌലൊസ് വേഗത്തിൽ പ്രഖ്യാപിക്കാൻ തുടങ്ങി. പൈതലായിരുന്ന യേശുവിന് ഹെരോദാവ് എന്തായിരുന്നുവോ അതായിരുന്നു ശൈശവദശയിലായിരുന്ന സഭക്ക് പൌലൊസും എന്നുപറഞ്ഞാൽ അത്ഭുതപ്പെടാനില്ല.

ദൈവവുമായി ഒരു അനുഭവജ്ഞാനമുള്ള മനുഷ്യൻ വാഗ്വാദവുമായി വരുന്ന ഒരു മനുഷ്യന്റെ കരുണക്കായി കാത്തുനിൽക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തോടു കൂടെയുള്ള ഒരു അനുഭവജ്ഞാനം ചെലവുവരുത്തുന്നതും വിലയുള്ളതും ചിലത് സാധിക്കുന്നതുമാകുന്നു. പൌലൊസിന്റേത് ആ ദിവസം ഒരു പരീക്ഷണം ആയിരുന്നില്ല. അത് ഒരു അനുഭവം ആയിരുന്നു. എന്നിരുന്നാലും ആ ദിവസം പരിശുദ്ധനായവനോടുള്ള സന്ധിപ്പ് ഭയചകിതമായിരുന്നതുപോലെ രൂപാന്തരം വരുത്തുന്നതുമായിരുന്നു. "ഉച്ചസൂര്യന്റെ പ്രഭയേക്കാൾ ഉപരിയായ പ്രകാശത്താൽ" അന്ധത പിടിപ്പിക്കുന്ന കർത്താവിന്റെ ഒരു ദർശനം അവനുണ്ടായി. തദനന്തരം പൌലൊസ് എല്ലാ ഭൗമിക ബഹുമതികൾക്കും അന്ധനായിത്തീർന്നു. F.W.H മേയർ ഇങ്ങനെ പറഞ്ഞു: "അവിടുത്തെ ബഹുമാനിക്കാത്തവർ എന്നെ ബഹുമാനിക്കയില്ല. "ക്രിസ്തുവുമായുള്ള ശൗലിന്റെ ഏറ്റുമുട്ടൽ ബുദ്ധിരാജൻ ആകാനുള്ള അവന്റെ സ്വപ്നത്തെ പെട്ടെന്നു തകർക്കുകയും ചെയ്തു. അങ്ങനെ പീഡിതനായി, ദൈവവുമായുള്ള മറ്റൊരു അഗ്നിപരീക്ഷണത്തിനായി അവൻ പിന്നെയും താഴോട്ടിറങ്ങി. അറേബ്യൻ മരുഭൂമിയിൽവെച്ചുള്ള തോലുരിക്കലിനായി പോയി. അക്കാര്യങ്ങളെപ്പറ്റി അവൻ മൗനമായിരിക്കയാണ്.

ക്രിസ്തുവിനുവേണ്ടിയുള്ള ഈ സാമ്രാജ്യനിർമ്മാതാവ് എവിടെയോവച്ച് തന്റെ അപാരമായ ബുദ്ധിശക്തിയോടും അത്ഭുതകരമായ കുലീന പാരമ്പര്യത്തോടുംകൂടെ, അവന്റെ കർത്താവിനെ, പ്രതിപകരമായിട്ടു മാത്രമല്ല, പിന്നെയോ താദാത്മ്യത്തിലും സ്വീകരിച്ചു. "ഞാൻ അവനിൽ മരിച്ചു." (ഈ സത്യത്തിന് നാമെല്ലാം ആത്മാർത്ഥതയില്ലാത്ത അധരസേവ നടത്തുന്നുണ്ട്) പൌലൊസും വിജയഭേരിയോടുകൂടി "അവൻ എന്നിൽ ജീവിക്കുന്നു" എന്ന് ഉറപ്പിച്ചു പറയുന്നു. ഈ സത്യത്തെ ഇരുകരങ്ങളും ചേർത്ത് ഗ്രസിക്കുക. നാമും അങ്ങനെ സാക്ഷ്യം പറഞ്ഞാൽ സുഹൃത്തുക്കൾ പരിഹാസത്തിന്റെ ചുണ്ടുകൾ നമ്മുടെ നേരെ കൂർപ്പിക്കുമോ? ചരിത്രത്തിന്റെ പടിവാതിലുകളുടെ വിജാഗരികൾ പൊക്കിക്കൊണ്ട് പുതിയനിയമത്തിലെ ശിംശോൻ ആയിരിക്കേണ്ടതിനും, ആസ്യയിലെ അധമത്വത്തിന്റെ ദുർഗന്ധപൂരിതമായ ലായങ്ങളിലേക്ക് കാൽവരിയുടെ ശുദ്ധീകരിക്കുന്ന പ്രവാഹങ്ങൾ തിരിച്ചുവിടേണ്ടതിനും ആയി രക്ഷിതാവിന് ബദ്ധനായി വില്ക്കപ്പെട്ട ഈ ദാസൻ തന്റെ സ്വയം വെന്തുരുകിയ ചാമ്പലിൽനിന്നും കുടഞ്ഞെഴുന്നേറ്റു. അനുഗ്രഹീത മനുഷ്യൻ!

ദൈവത്തോടു സമാധാനമുള്ളവനായിത്തീർന്ന ശേഷം ദൈവവിശ്വാസമില്ലാത്ത എല്ലാറ്റിനോടും പൌലൊസ് യുദ്ധം ചെയ്തു. അഥേനയിലെ ബുദ്ധിജീവികളെ സുവിശേഷത്തിന്റെ മധുരഗീതിയാൽ വശീകരിച്ചിട്ട്, അഥേനക്കാർ ഭയചകിതരും അതിന്റെ സത്യത്താൽ പൊള്ളൽ ഏൽക്കപ്പെട്ടവരും ആയി ചിതറിപ്പോകുവാൻ ഇടയാകത്തക്ക

വണ്ണം, ഉയിർത്തെഴുന്നേല്പിന്റെ കാഹളം കൈകളിൽ ഏന്തികൊണ്ട് അദ്ദേഹം പാട്ട് പെട്ടെന്നു അവസാനിപ്പിച്ചുകളഞ്ഞു.

എന്നാൽ ഭീഷണി നിറഞ്ഞ കിഴുക്കാന്തൂക്കായ പാറക്കൂട്ടങ്ങളുള്ള ഏഷ്യൻ പ്രതിബന്ധങ്ങളുടെ നേരെ നോക്കി ഈ മനുഷ്യനെ ചിരിപ്പിച്ചതെന്താണ്? അവൻ ദിവസവും മരിക്കേണ്ടിവന്നതെന്തുകൊണ്ട്? 2 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിലെ അതുല്യമായ സഹനശക്തിയുടെ പട്ടികക്ക് എന്തു കാരണമാണുള്ളത്? അതിബൃഹത്തായ ഭാരം അവൻ വഹിക്കണം എന്നുള്ളതിന് യുക്തി യുക്തമായ വിശദീകരണം എന്തിലാണുള്ളത്? അതിനുള്ള മറുപടി കേട്ടുകേൾവിയിലൊ ഊഹാപോഹത്തിലൊ നിന്നല്ല, പിന്നെയോ നന്നായി സൂക്ഷിക്കപ്പെട്ടിരുന്ന തന്റെ ആത്മാവിന്റെ പ്രതിദിന കുറിപ്പിൽനിന്ന് ആകുന്നു എന്നത്രെ. "ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്" എന്നു പ്രകമ്പനം കൊള്ളിച്ചുകൊണ്ട് താൻ ആലേഖനം ചെയ്യുകയായിരുന്നു. (ഗലാത്യർ 2:20). അതേപ്പറ്റി പര്യാലോചിക്കുക! കന്യകാജനനത്തിൽ അവൻ വിശ്വസിക്കുന്നു എന്നോ അല്ലെങ്കിൽ കർത്താവ് മരിച്ചവരുടെ ഇടയിൽ നിന്നും നിശ്ചയമായും ഉയിർത്തെഴുന്നേറ്റുവെന്നോ, (നിശ്ചയമായും ഇവയൊക്കെയും അവൻ വിശ്വസിച്ചിരുന്നു). മാത്രമായിരുന്നില്ല അവൻ പ്രഖ്യാപിച്ചിരുന്നത്. പ്രത്യുത, "ക്രിസ്തു ഇപ്പോൾ എന്നിൽ ജീവിക്കുന്നു" എന്നായിരുന്നു. രോഗം പിടിച്ച അധമത്വത്തിന്റെ ആഴത്തിൽനിന്ന് "ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ." (റോമർ 7:17) എന്നു പറയുന്നവൻ തന്നേ "ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു." (ഗലാത്യർ 2:20) എന്നു ഇപ്പോൾ ആത്മീയ ഔന്നത്യത്തിൽ നിന്നുകൊണ്ട് സ്ഥാപിക്കുകയാണ്. ഇതത്രേ മാറ്റം ഭവിച്ച വിലയേറിയ ജീവിതം!

പൌലൊസിന്റെ ജീവിതം ഏറ്റവും അനുകരണാർഹമായ ഒന്നായിരുന്നു. അവൻ ഒരു ചൂണ്ടുപലക ആയിരുന്നില്ല പിന്നെയോ ഒരു വഴികാട്ടി ആയിരുന്നു. അവൻ പറയുന്നതു ശ്രദ്ധിക്കുക. "എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ" (ഫിലിപ്പ്യർ 4:9) അവൻ വാസ്തവമായും "ജീവിക്കുന്ന ഒരു പത്രം." തന്നെയായിരുന്നു.

പൌലൊസിന്റേത് ഒരു അസാധാരണമായ ജീവിതം ആയിരുന്നു. പൌലൊസിനുണ്ടായിരുന്ന ആത്മസംയമനം നമുക്കുണ്ട് എന്ന് അവകാശപ്പെടുവാൻ തക്കവണ്ണം ഭോഷത്വം ആരെങ്കിലും കാണിക്കുമോ? എല്ലാവരും താന്താങ്ങളുടെ കാര്യം നോക്കുന്നു." എന്നു പറഞ്ഞിരിക്കുന്നത് നമ്മെ സംബന്ധിച്ചും സത്യമല്ലേ? അനേക ലേഖനങ്ങളുടെ കർത്താവെന്ന നിലയിലും നിരവധി സഭകളുടെ സ്ഥാപകൻ എന്ന നിലയിലും അവൻ അസാധാരണൻ ആയിരുന്നു. എന്നാൽ 2 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിലെ പട്ടിക വീണ്ടും ഒന്നു വായിക്കുക. കഷ്ടംസഹിക്കുന്നതിൽ രക്തസാക്ഷികളെ കവച്ചുവെക്കുവാൻ അവൻ ശ്രമിക്കുകയായിരുന്നോ, അല്ലെങ്കിൽ വിശുദ്ധന്മാരുടെ പട്ടികയിൽ സ്ഥാനം പിടിക്കുന്നതിനുള്ള സുരക്ഷിതത്വമാർന്ന അവകാശവാദം നടത്തുകയായിരുന്നുവോ! ഒരു തരിപോലും അങ്ങനെ അല്ല! ക്രിസ്തുവിനെ നേടേണ്ടതിനും സ്ഥായിയായ അനുസരണത്താൽ അവനിൽ കണ്ടെത്തപ്പെടേണ്ടതിനും, സ്ഥലം, കുലീനപാരമ്പര്യം, പദവികൾ ആദിയായവ കേവലം ചവറ് എന്ന് അവൻ കരുതി. കഷ്ടം സഹിക്കുന്നതിൽ അവൻ അസാധാരണൻ ആയിരുന്നു. ആയത് മിക്കവാറും മറ്റുള്ളവരുടെ തിരഞ്ഞെടുപ്പായിരുന്നു. എന്നാൽ പ്രാർത്ഥനയിലും അവൻ അസാമാന്യൻ ആയിരുന്നു. അത് സ്വന്തം തിരഞ്ഞെടുപ്പ് നിമിത്തം തന്നേ ആയിരുന്നു. പ്രാർത്ഥനയിൽ കുറെപ്പേർ കൂടെ ശക്തന്മാരായിരുന്നെങ്കിൽ, കൂടുതൽ കഷ്ടം സഹിപ്പാൻ അനുയോജ്യർ ആകുമായിരുന്നു. പ്രാർത്ഥന അസ്ഥിയെയും ഞരമ്പിനെയും, പേശിയെയും, വിശുദ്ധിയെയും സഹനശക്തിയെയും അഗ്നിയെയും ഒരുപോലെ പുഷ്ടിപ്പെടുത്തുന്നതാണ്.

തന്റെ സഹോദരന്മാർക്കുവേണ്ടി താൻ തന്നേ ശാപഗ്രസ്തനായിത്തീരാൻ ആശിച്ചിരുന്നുവെന്നതിനു പൌലൊസ് പരിശുദ്ധാത്മാവിനെ സാക്ഷി നിറുത്തുകയാണ് (റോമർ 9:3) മാഡം ഗയോനും ഏതാണ്ട് ഇതുപോലെതന്നെ പ്രാർത്ഥിക്കുകയുണ്ടായി. ബ്രെയിനാർഡും ജോൺ നോക്സും അതുപോലെ "സമസ്വഭാവമുള്ള മനുഷ്യർ" ആയിരുന്നു.

●●●

പ്രാർത്ഥനാ സഹായത്തിന്
ഗാർഡിയൻ പ്രേയർ സെൽ
ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക
CALL: 9446610923
E-mail: guardianprayercell@gmail.com
www.egmofindia.com

# ആരോഗ്യവിചാരം

Source: www.samakalikam.malayalam.com

## ഏകാന്തതേ നീയും....? നിശബ്ദ കൊലയാളിയെന്ന് ലോകാരോഗ്യ സംഘടന, ഓരോ മണിക്കൂറിലും 100 മരണം



ദിവസംതോറും ലോകത്ത് വിവിധ ആരോഗ്യ കാരണങ്ങളാൽ നിരവധി മരണങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യക്ഷ രോഗകാരണങ്ങളൊന്നുമില്ലാതെ നിരവധിയാളുകളുടെ മരണകാരണമായി മാറുന്ന ഒന്നായി ഏകാന്തത മാറിയിരിക്കുന്നുവെന്ന് പുതിയ കണ്ടെത്തൽ. ലോകമെമ്പാടുമുള്ള ആറ് പേരിൽ ഒരാൾ ഏകാന്തത അനുഭവിക്കുന്നു. ഇങ്ങനെ മനുഷ്യരെ വ്യാപകമായി പിടികൂടിയ ഏകാന്തത ഓരോ മണിക്കൂറിലും 100 മരണങ്ങൾക്ക് കാരണമാകുന്നു. അതായത് പ്രതിവർഷം 871000 - ൽ അധികം മരണങ്ങളാണ് ഏകാന്തതമൂലം സംഭവിക്കുന്നതെന്ന് ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ റിപ്പോർട്ടിൽ പറയുന്നു.

എല്ലാ പ്രായത്തിലുമുള്ള ആളുകളെയും പ്രത്യേകിച്ച് യുവാക്കളെയും താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിലെ (LMIC) ആളുകളെയും ഏകാന്തത കൂടുതലായി ബാധിക്കുന്നു. സാമൂഹിക ഒറ്റപ്പെടലിനെക്കുറിച്ചുള്ള ഡാറ്റ പരിമിതമാണെങ്കിലും പ്രായപൂർത്തിയായ മൂന്ന് പേരിൽ ഒരാളും കൗമാരപ്രായക്കാരായ നാല് പേരിൽ ഒരാളും ഏകാന്തത അനുഭവിക്കുന്നതായി കണക്കാക്കപ്പെടുന്നു. ലോകത്തെ 3 വയസ്സുമുതൽ 29 വയസ്സ് വരെ പ്രായമുള്ളവരിൽ 17 ശതമാനം മുതൽ 21 ശതമാനം വരെ പേർക്ക് ഏകാന്തത അനുഭവപ്പെടുന്നതായി റിപ്പോർട്ട് പറയുന്നു. ഈ പ്രായവിഭാഗത്തിൽ ഏകാന്തതയുടെ ഏറ്റവും ഉയർന്ന നിരക്ക് കൗമാരക്കാരിലാണ്. താഴ്ന്ന വരുമാനമുള്ള രാജ്യങ്ങളിലെ ഏകദേശം 24 ശതമാനം ആളുകളിലും ഏകാന്തത അനുഭവപ്പെടുന്നതായി റിപ്പോർട്ട് പറയുന്നു. ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിലെ (ഏകദേശം 11 ശതമാനം) നിരക്കിന്റെ ഇരട്ടിയാണിത്. ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ അല്ലെങ്കിൽ കുടിയേറ്റക്കാർ, എൽജിബിടിക്യു (LGBTQ+) വ്യക്തികൾ തദ്ദേശീയ ഗ്രൂപ്പുകൾ, വംശീയ ന്യൂനപക്ഷങ്ങൾ തുടങ്ങിയ ചില ഗ്രൂപ്പുകൾ വിവേചനം നേരിടുകയോ സാമൂഹിക ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന് കൂടുതൽ തടസ്സങ്ങളോ നേരിടേണ്ടിവരികയോ ചെയ്യുന്നുണ്ടാകാം എന്ന് റിപ്പോർട്ട് പറയുന്നു.

"ആളുകൾക്ക് പരസ്പരം ബന്ധപ്പെടാനുള്ള സാധ്യതകൾ വിശാലമായി മാറിയ ഈ കാലഘട്ടത്തിൽ, ആളുകൾ കൂടുതൽ കൂടുതൽ ഒറ്റപ്പെട്ടവരായി മാറുന്നു. എന്ന് ലോകാരോഗ്യ സംഘടനയുടെ (WHO) ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനോം ഗെബ്രിയേസസ് പറഞ്ഞു. "ഏകാന്തതയും സാമൂഹിക ഒറ്റപ്പെടലും വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും വരുത്തുന്ന ആഘാതങ്ങൾക്ക് പുറമേ, അവ പരിഹരിക്കപ്പെടാതെപോയാൽ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയിൽ സമൂഹത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവെക്കും. എന്നും അദ്ദേഹം പറഞ്ഞു. "നമ്മുടെ കാലഘട്ടത്തിലെ നിർണ്ണായക വെല്ലുവിളിയായ ഏകാന്തതയെയും ഒറ്റപ്പെടലിനെയും കുറിച്ചുള്ള വിവരങ്ങളുടെ മറ ഞങ്ങൾ നീക്കുകയാണ്. എന്ന് ലോകാരോഗ്യ സംഘടന (WHO) കമ്മീഷൻ ഓൺ സോഷ്യൽ കണക്ഷന്റെ കോ ചെയർമാനും യുഎസിലെ മുൻ സർജൻ ജനറലുമായ ഡോ. വിവേക് മൂർത്തി പറഞ്ഞു. "കൂടുതൽ സാമൂഹിക ബന്ധിതമായ ജീവിതങ്ങൾ എങ്ങനെ കെട്ടിപ്പടുക്കാമെന്നതിനുള്ള ഒരു പദ്ധതി ഞങ്ങളുടെ കമ്മീഷൻ തയ്യാറാക്കും. ആരോഗ്യം, വിദ്യാഭ്യാസം സാമ്പത്തികം എന്നിവയിൽ ഇതിന് ചെലുത്താൻ കഴിയുന്ന ആഴത്തിലുള്ള സ്വാധീനം വ്യക്തമാക്കുകയും ചെയ്യും. "അദ്ദേഹം വിശദീകരിച്ചു. "ഡിജിറ്റൽ ലോകത്ത് (Digitally Connected World) പോലും യുവതലമുറയിലെ നിരവധിപേർ ഒറ്റപ്പെടൽ അനുഭവിക്കുന്നു. സാങ്കേതിക വിദ്യ നമ്മുടെ ജീവിതത്തെ പുനർനിർമ്മിക്കുമ്പോൾ, അത് മനുഷ്യബന്ധത്തെ ദുർബലപ്പെടുത്തുകയല്ല, ശക്തിപ്പെടുത്തുന്നുവെന്നു നാം ഉറപ്പാക്കണം." എന്ന് ലോകാരോഗ്യ സംഘടന (WHO) യുടെ കമ്മീഷൻ ഓൺ സോഷ്യൽ കണക്ഷൻ കോ-ചെയർമാനും ആഫ്രിക്കൻ യൂണിയൻ ചെയർപേഴ്സന്റെ ഉപദേഷ്ടാവുമായ ചിഡോ എംപെംബ പറഞ്ഞു. "ഡിജിറ്റൽ ലഭ്യത (Digital Access) മുതൽ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ വരെയുള്ള എല്ലാ നയങ്ങളിലും സാമൂഹിക ബന്ധം സംയോജിപ്പിക്കണമെന്ന് ഞങ്ങളുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു." അദ്ദേഹം പറഞ്ഞു. മോശം ആരോഗ്യം, കുറഞ്ഞ വരുമാനവും വിദ്യാഭ്യാസവും, ഒറ്റക്ക് താമസിക്കുന്നത്, അപര്യാപ്തമായ സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങളാണ് ഏകാന്തതക്കും സാമൂഹിക ഒറ്റപ്പെടലിനും കാരണമായി കണ്ടെത്തിയിട്ടുള്ളത്.

●●●

# ബൈബിൾ ക്വിസ് 2025

ഭാഗം : 8



(2 ശമുവേൽ, വെളിപ്പാട്, GM ജൂലൈ 2025)

1. കൈതളർന്നു വാളോട് പറ്റിപ്പോകുംവരെ ഫെലിസ്ത്യരെ വെട്ടിയത് ആര് ?
2. കിഴക്കുനിന്ന് കയറിയ ദൂതന്റെ പക്കൽ എന്താണ് ഉണ്ടായിരുന്നത് ?
3. ദാവീദ് അദുല്ലാംഗുഹയിൽ ആയിരുന്നപ്പോൾ ഫെലിസ്ത്യർ പാളയമിറങ്ങിയിരുന്നത് എവിടെ?
4. സകല ഗോത്രത്തിലുംനിന്ന് മുദ്രയേറ്റവർ എത്ര?
5. തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ചുപോയ പുരുഷന്മാരുടെ രക്തം എന്ന് ദാവീദ് വിശേഷിപ്പിച്ചത് എന്തിനെ?
6. ———— എന്ന വാക്കിന് 'ഉദ്യാനം' എന്ന അർത്ഥമുണ്ടല്ലോ
7. ആർക്കും എണ്ണിക്കൂടാത്ത മഹാപുരുഷാരം കയ്യിൽ പിടിച്ചിരുന്നത് എന്ത് ?
8. അബീശായി കുന്തംകൊണ്ട് എത്രപേരെ കൊന്നു?
9. സിംഹാസനത്തിൽ ഇരിക്കുന്നവനായ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ത് ?
10. കബ്സേലിലെ ഒരു പരാക്രമശാലിയുടെ മകൻ?

*ശരിയുത്തരങ്ങൾ തപാൽ / ഇ- മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20 -ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

## ബൈബിൾ ക്വിസ് 2025 - ഭാഗം 7 ശരിയുത്തരങ്ങൾ

1. ദൈവത്തിന്റെ (2 ശമുവേൽ 22:31)
2. വെള്ള (വെളിപ്പാട് 6:11)
3. എന്റെ (2 ശമുവേൽ 22:35)
4. ആറാം മുദ്ര പൊട്ടിച്ചപ്പോൾ (വെളിപ്പാട് 6:12)
5. അന്യജാതിക്കാർ (2 ശമുവേൽ 22:45)
6. ആകാശത്തിലെ നക്ഷത്രങ്ങൾ (വെളിപ്പാട് 6:13)
7. ഇരുപത് (GM June 2025, Page 29)
8. ദാവീദ് (2 ശമുവേൽ 23:1)
9. ഭൂമിയിലെ നാല് കാറ്റും (വെളിപ്പാട് 7:1)
10. മുള്ള് (2 ശമുവേൽ 23:7)

## ഭാഗം-6 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഈശോ കുരുവിള, അന്നമ്മ ഐസക്ക്, ഗ്രേസി ചാക്കോ, ജിൻസി എഡ്ബി, ലില്ലി ചാക്കോ, സുജ നെൽസൻ, റാഹേലമ്മ ജോർജ്ജ്, തങ്കമ്മ ഔസേഫ്, തങ്കച്ചി വർഗ്ഗീസ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ്

OFFICE TIME : 9.30 AM 6.00 PM

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556
Phone : 0484 2593838, (+91) 8281616654 (Whatsapp)
Email : egmofindia@gmail.com
Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

ഈ പുസ്തകം
വാങ്ങുവാൻ
ആഗ്രഹിക്കുന്നവർ
ഓഫീസുമായി
ബന്ധപ്പെടുക.

8281616654
9400306654




# സഫൽ ക്ലബുകൾ

സ്കൂൾ, കോളേജ്  വിദ്യാർത്ഥികളിൽ ക്രിസ്തീയമൂല്യങ്ങൾ വളർത്തുന്നതിനും, അവരുടെ മാനസിക–വൈകാരിക വ്യക്തിത്വവികാസത്തിനു ഊന്നൽനൽകുന്നതുമായ ഒത്തുചേരലുകളാണ് സഫൽ ക്ലബ്. ബൈബിൾ അധിഷ്ടിത ജീവിതപാഠങ്ങൾ, ഗാനങ്ങൾ, രസകരമായ ഗെയിമുകൾ, ചിന്തോദ്ദീപകങ്ങളായ ചർച്ചകൾ, പ്രാർത്ഥന എന്നീ ക്രിയാത്മകമായ പ്രവർത്തനങ്ങളെല്ലാം ഒത്തുചേരുന്ന സന്ദർഭങ്ങളാണ് കുട്ടികൾക്കായി ഒരുക്കപ്പെടുന്നത്. എറണാകുളം ജില്ലയിലും, മറ്റു ജില്ലകളിലും വിവിധ പ്രദേശങ്ങളിലായി സഫൽ ക്ലബുകൾ രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. താങ്കളുടെ പ്രദേശത്ത് ഇപ്രകാരം ഒരു ക്ലബ് ആരംഭിക്കുവാൻ താത്പര്യം ആണെങ്കിൽ ദയവായി ഞങ്ങളെ ബന്ധപ്പെടുക. സന്തോഷത്തോടെയും, ലക്ഷ്യബോധത്തോടെയും ജീവിതപാതയിൽ മുന്നോട്ടുപോകുവാൻ വിദ്യാർത്ഥികൾക്കായി ഒരുക്കപ്പെടുന്ന ഈ അവസരം പ്രയോജനപ്പെടുത്തണമേ എന്ന് ദൈവസ്നേഹത്തിൽ അഭ്യർത്ഥിക്കുന്നു.

Ph: 8281616654, 9400306654

എല്ലാ രണ്ടാം ശനിയാഴ്ചയും ക്രമീകരിക്കപ്പെടുന്ന ഈ പ്രോഗ്രാമിൽ പങ്കെടുക്കുവാനും അതിൽനിന്ന് പ്രയോജനം നേടുവാനും എല്ലാ വിദ്യാർത്ഥികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് സഫൽ ക്ലബുകൾ നടത്തപ്പെടുന്നു.**

## വാഹന സഹായം

വെസ്റ്റ് ബംഗാളിലെ നമ്മുടെ മിഷനറി ബ്ര. ഉമേഷ് കുമാർ ഹെംബ്രോമിന് ശുശ്രൂഷക്ക് പോകുവാൻ ബൈക്ക് നൽകി.



# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

State Bank of India
Perumbavoor
IFSC: SBIN0008661
SWIFT: SBININBB395

9188379654

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

Federal Bank
Perumbavoor
IFSC: FDRL0001003
SWIFT: FDRLINBBIBD

helpindia1@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

### പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

Help India Mission

# Kripa Bhavan Daan Yojana

*A Home for the Homeless*



എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും.
(സദൃശ്യവാക്യങ്ങൾ 19:17)

ഇന്ത്യയിലുടനീളമുള്ള നമ്മുടെ പ്രവർത്തന മേഖലകളിൽ അനേകം കുടുംബങ്ങൾ ഇന്നും മരക്കൊമ്പുകളും മറ്റും കൊണ്ട് നിർമ്മിച്ച താൽക്കാലിക കുടിലുകളിലാണ് താമസിക്കുന്നത്. മഴയും, കാറ്റും, വെയിലും നേരിടാൻ വേണ്ടത്ര കഴിയാത്ത അവസ്ഥ. അവരെ സംബന്ധിച്ചിടത്തോളം ഇത് അന്തസ്സിനും, ആരോഗ്യത്തിനും പ്രതീക്ഷകൾക്കും വേണ്ടിയുള്ള ദൈനംദിന പോരാട്ടമാകയാൽ. കൃപാ ഭവൻദാൻ യോജന വിശ്വാസത്താൽ നാം ഏറ്റെടുത്തിരിക്കുകയാണ്.

- ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന പാവങ്ങളിൽ പാവങ്ങളായ കുടുംബങ്ങൾക്ക് സൗകര്യപ്രദവും, സുരക്ഷിതവുമായ വീടുകൾ പണിതുകൊടുക്കുന്നു.
- ലക്ഷ്യം : 5 വർഷത്തിനുള്ളിൽ 60 വീടുകൾ
- ഒരു വീടിന് 3 മുതൽ 4 ലക്ഷം രൂപവരെ ചെലവ്


## WILL YOU PARTNER WITH US IN THIS MISSION?

- 4 ഭവനങ്ങൾ പൂർത്തീകരിച്ചു.
- 4 ഭവനങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു.

നമ്മുടെ ചെറിയ സഹായങ്ങൾ ഒരു കുടുംബത്തിന്റെ ജീവിതം മാറ്റിമറിക്കും. ഒറ്റത്തവണയായോ, പല ഘട്ടങ്ങളായോ, കുടുംബമായോ കൂട്ടായ്മയായോ വീടുകൾ സ്പോൺസർ ചെയ്യാം.

ഗുജറാത്തിലെ സൂറത്തിൽ വിക്രം വാസവയുടെ വീടിന്റെ പണി പുരോഗമിക്കുന്നു.







ഖേദിക്കുന്നു: കഴിഞ്ഞമാസം ഈ പേജിൽ എസ് ത മരിയ പോൾ എന്ന കുട്ടിയുടെ പേര് അബദ്ധവശാൽ വിദ്യാകിരൺ പദ്ധയിൽ വന്നുപോയതിൽ ഖേദിക്കുന്നു.

FEDERAL BANK

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26) അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

### BANK DETAILS

| | |
|---|---|
| HELP INDIA MISSION | V.P. MATHAI *(Official)* |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.07.2025

ഗോസ്പൽ മെസഞ്ചർ വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# MORNING FELLOWSHIP
## BIBLE STUDY

ജൂലൈ 31 (വ്യാഴം) മുതൽ സെപ്റ്റംബർ 2 (ചൊവ്വ) വരെ നമ്മുടെ പ്രഭാത കൂട്ടായ്മയിൽ ഒരു മാസത്തെ ബൈബിൾ സ്റ്റഡി ഓൺലൈനായി നടത്തപ്പെടുന്നു.

**5.30 am - 6.45 am** Google Meet Meeting id : iib-yyvd-seq

### പ്രസംഗകർ



Rev. ബേസിൽ ജോർജ് | Evg. ചാണ്ടപ്പിള്ള ഫിലിപ്പ് | Br. ബാബു അഞ്ചേരി | Evg. സോളോ കെ. ഫിലിപ്പ് | Br. അനിയൻകുഞ്ഞ് പുല്ലാട് | Br. പി. കെ. കോശി | Dr. വി. പി. മത്തായി വാലയിൽ

# രക്ഷാസന്ദേശം
ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 9 ന്



ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmofindia Subscribe


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028 and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.